മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 44 THE ONLINE OFFICIAL NEWS BULLETIN 2025 October 30

SEASON OF THE ANNUNCIATION ❀ അറിയിപ്പുകാലം ❀ ܥܕܢܐ ܕܒܫܪܬܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬ ܒܫܒܐ TUESDAY	ܐܪܒܥ ܒܫܒܐ WEDNESDAY	ܚܡܫ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
2	3	4	5	6	7	8
Qudosh Idto (Sanctification of the Church) Beginning of the Liturgical Year 123rd Commemoration of St. Gregorios ✠(Parumala Seminary) 118th Memorial of Kadavil Paulose Mar Athanasios Metropolitan✠ (Aluva Thrikkunathu Seminary)			18th Mem. of Stephanos Mar Theodosios ✠ (Bhilai St. Thomas Ashram)	59th Mem. of Vayaliparambil Geevarghese Mar Gregorios ✠ (Aluva Thrikkunnathu Seminary)		29th Mem. of H.H.Baselios Marthoma Mathews I ✠ (Devalokam Catholicate Aramana) 98th Mem. of Konattu Mathan Malapan (Pambakuda Valiya Pally)

പരിശുദ്ധ പരുമല തിരുമേനിയുടെ 123-ാം ഓർമ്മപ്പെരുന്നാളിന് കൊടിയേറി. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കൊടിയേറ്റ് കർമ്മം നിർവഹിച്ചു. പള്ളിയിലും പരിശുദ്ധന്റെ കബറിടത്തിലും നടന്ന പ്രത്യേക പ്രാർത്ഥനകൾക്ക് ശേഷമാണ് പെരുന്നാളിന് കൊടിയേറ്റിയത്.

പരുമലയിൽ നടന്ന അഖില മലങ്കര മർത്തമറിയം സമാജം വനിതാ സമ്മേളനം പ. കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മർത്തമറിയം സമാജം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത, ഫാ. ഫിലിപ്പ് തരകൻ തേവലക്കര, ഫാ. എൽദോസ് ഏലിയാസ് എന്നിവർ സമീപം.

കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ആദ്യഫലപ്പെരുന്നാളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. കുവൈറ്റ് മഹാ ഇടവക വികാരി ഫാ. ഡോ. ബിജു ജോർജ്ജ് പാറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.

ആഘോഷങ്ങൾക്ക് പകരം 100 സ്വപ്ന ഭവനങ്ങൾ

പ. കാതോലിക്കാ ബാവായുടെ പൗരോഹിത്യ കനകജൂബിലിക്ക് വേറിട്ട തുടക്കം

പരുമല: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പൗരോഹിത്യ കനക ജൂബിലി 100 കുടുംബങ്ങൾക്ക് അഭയമേകും. ബാവായുടെ പൗരോഹിത്യത്തിന്റെ 50-ാം വാർഷികത്തിൽ ഉയരുക 100 സ്വപ്ന ഭവനങ്ങൾ. സമൂഹത്തിലെ നിരാലംബരായ നാനാജാതി മതസ്ഥർക്ക് പദ്ധതിയിലൂടെ തലചായ്ക്കാൻ ഇടമൊരുങ്ങും. പൗരോഹിത്യ കനക ജൂബിലിയ്ക്ക് ആഘോഷങ്ങൾ വേണ്ടെന്ന് ബാവാ നിർദേശിച്ചിരുന്നു. ഇതോടെയാണ് സഭയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സഹോദരൻ പദ്ധതി വഴി 100 ഭവനങ്ങളുടെ നിർമ്മാണം എന്ന ആശയം പ്രാവർത്തികമാക്കാൻ തീരുമാനിച്ചത്.

പരിശുദ്ധ പരുമല തിരുമേനിയുടെ 123-ാം മത് ഓർമ്മപ്പെരുന്നാളിന് തുടക്കം കുറിച്ച് നടന്ന സമ്മേളനത്തിൽ വെച്ച് പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, സഭയുടെ അത്മായ ട്രസ്റ്റി റോണി വർഗീസിന് കൈമാറി ഭവന പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. 10 ലക്ഷം രൂപ ചെലവിലായിരിക്കും ഓരോ ഭവനവും വിഭാവനം ചെയ്യുക.

ചടങ്ങിൽ ആന്റോ ആന്റണി എം.പി., മാത്യു ടി. തോമസ് എം.എൽ.എ., മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ജനപ്രതിനിധികൾ, പരുമല കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 ഓഗസ്റ്റ്

16 വ്യാഴം. യോഹന്നാൻ മല്പാൻ കുർബ്ബാന ചൊല്ലി. നാമും മെത്രാച്ചന്മാരും കുർബ്ബാനയിൽ സംബന്ധിച്ചു. 9 മണിക്ക് കൂറിലോസ് മെത്രാച്ചനും ഗീവറുഗീസ് റമ്പാച്ചനും കൂടി തിരുവിതാംകോട്ടു നിന്നും സുന്നഹദോസിനു വന്നു ചേർന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും വന്നു. 10 മണിക്ക് സുന്നഹദോസ് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. മാർ തീമോത്തിയോസ്, മാർ ഒസ്താത്തിയോസ്, മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നീ മെത്രാച്ചന്മാരും ഗീവർഗീസ് റമ്പാച്ചനും സി. റ്റി. ഈപ്പൻ കത്തനാർ, ദാവീദ് കത്തനാർ, മണലിൽ യാക്കോബ് കത്തനാർ, മാനേജർ കത്തനാർ, യോഹന്നാൻ മല്പാൻ, എം. വി. ജോർജ് കത്തനാരും മറ്റ് ആളുകളും കൂടി സുന്നഹദോസ് കൂടി ആലോചിച്ചു. 5 മണിക്ക് ആലോചന കാര്യങ്ങൾ തീരാത്തതു നിമിത്തം അടുത്ത ദിവസത്തേക്കു മാറ്റി സുന്നഹദോസ് പിരിഞ്ഞു.

17 വെള്ളി. മൂലവട്ടത്തു അബ്രഹാം കത്തനാർ കുർബ്ബാന ചൊല്ലി. നാമും മെത്രാച്ചന്മാരും അതിൽ സംബന്ധിച്ചു കാണുകയുണ്ടായി. 10 മണിക്ക് സുന്നഹദോസ് ആരംഭിച്ചു. പ്രധാനപ്പെട്ട കാര്യങ്ങൾ ആലോചിച്ച് തീരുമാനം ചെയ്തുകയുണ്ടായി. സുന്നഹദോസിന് തീമോത്തിയോസ്, ഒസ്താത്തിയോസ്, ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാരും റ്റി. എസ്. എബ്രഹാം കോറെപ്പിസ്കോപ്പായും ഏതാനും അച്ചന്മാരും ഉണ്ടായിരുന്നു. ഉച്ചനമസ്കാരത്തിനും ഭക്ഷണത്തിനുമായി പിരിഞ്ഞ് വീണ്ടും ഒന്നര മണിക്ക് കൂടി നാലു മണിക്ക് അവസാനിപ്പിച്ചു. സുന്നഹദോസ് കഴിഞ്ഞ് മെത്രാച്ചന്മാർ എല്ലാവരും അവരുടെ ആസ്ഥാനങ്ങളിലേക്കു പോയി. സുഖമായി നാം ഇവിടെ താമസിച്ചു.

18 ശനി. അബ്രഹാം കത്തനാർ കുർബ്ബാന ചൊല്ലി. മറ്റു വിശേഷങ്ങൾ ഒന്നുമില്ല. ഉച്ചകഴിഞ്ഞ് 3 മണിക്ക് ഇവിടെ നിന്നും കുറിച്ചി പള്ളിയിലേക്കു പോയി. പോകുന്ന വഴി പുതുതായി സ്ഥാപിക്കുന്നതും കല്ലിടുവാൻ നിശ്ചയിച്ചിരിക്കുന്നതുമായ കുറിച്ചി ചാപ്പലിൽ ഇറങ്ങി കണ്ടശേഷം അവിടെ നിന്നും കുറിച്ചി പള്ളിയിൽ ചെന്ന് ലുത്തിനിയാ നടത്തി അവിടെ താമസിച്ചു. വീട്ടുകാരും മറ്റും വന്നു കാണുകയുണ്ടായി.

19 ഞായർ. കുറിച്ചി പള്ളിയിൽ നാം തന്നെ കുർബ്ബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു. പള്ളിയിലെ ആരാധനകൾ കഴിഞ്ഞ് പള്ളി കെട്ടിടത്തിൽ വിശ്രമിക്കുകയും മറ്റും ചെയ്തു. അനുജൻ വക്കീലും മറ്റും വന്നിട്ടുണ്ടായിരുന്നു. രണ്ടര മണിക്ക് പാമ്പാടിയിലെ മെത്രാച്ചൻ കുറിച്ചി പള്ളിയിൽ വന്നുചേർന്നു. മൂന്നു മണിക്ക് നമ്മെയും മെത്രാച്ചനെയും കൂടി പള്ളിക്കാർ എതിരേറ്റ് കല്ല് ഇടുവാൻ ഉദ്ദേശിക്കുന്ന പുതിയ ചാപ്പലിലേക്കു കൊണ്ടുവരികയും അവിടെ വച്ച് നാം മർത്തമറിയാമിന്റെയും യൂഹാനോൻ ശ്ലീഹായുടെയും നാമത്തിൽ കല്ല് ഇടുന്നതായ ശുശ്രൂഷയും നടത്തി. പാമ്പാടി മെത്രാച്ചനെ കൂടാതെ ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. ധാരാളം ആളുകളും ശുശ്രൂഷയിൽ സംബന്ധിക്കുകയുണ്ടായി. തുടർന്ന് നടത്തിയ മീറ്റിംഗിൽ അത്താനാസ്യോസ് മെത്രാച്ചനും റ്റി. എസ്. അബ്രഹാം കോറെപ്പിസ്കോപ്പായും പ്രസംഗിച്ചു. കൂടാതെ നാമും അവിടെ കൂടിയിരുന്നവരോട് അല്പം ഗുണദോഷരൂപത്തിൽ പ്രസംഗിക്കുകയും കാപ്പിമേശയ്ക്കു ശേഷം അഞ്ചര മണിക്കു അവിടെ നിന്നു കോട്ടയത്തിനു തിരിക്കുകയും ആറ് മണിക്കു ദേവലോകം അരമനയിൽ വന്നുചേരുകയും ചെയ്തു. ഇവിടുത്തെ പള്ളിയിൽ തിരുവിതാംകോട്ടു ഗീവറുഗീസ് റമ്പാച്ചൻ കുർബ്ബാന ചൊല്ലുകയും നാം മടങ്ങി വന്നശേഷം റമ്പാച്ചൻ പോകുകയും ചെയ്തു. സന്ധ്യാനമസ്കാരം നടത്തിയശേഷം വിശ്രമിക്കുകയും ചെയ്തു.

20 തിങ്കൾ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ വന്നിരുന്നു. കോരുതു ജഡ്ജിയും കുടുംബങ്ങളും കൂടി വന്നു കാണുകയുണ്ടായി.

21 ചൊവ്വ. സുഖമായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. ഇവിടുത്തെ കാര്യങ്ങൾ നോക്കുകയും പള്ളി പണിയിപ്പിക്കുകയും മറ്റും ചെയ്തതിനു സമ്മാനമായി ഒരു മോതിരം നാം അബ്രഹാം കത്തനാർക്കു കൊടുത്തു. മാവേലിക്കര പുത്തൻപുരയിൽ കത്തനാരും കുടുംബവും കൂടി വന്നു കാണുകയുണ്ടായി.

22 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാരും മറ്റും ഇവിടെയുണ്ടായിരുന്നു. 10 മണിക്ക് മാങ്ങാനത്തു പോയി തോവോദോസ്യോസ് മെത്രാച്ചനെ കാണുകയുണ്ടായി.

23 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. 10 മണിക്ക് ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നു കൂടി പല കാര്യങ്ങൾ ആലോചിച്ചു. മട്ടയ്ക്കൽ കത്തനാരും കല്ലുങ്കൽ പള്ളിക്കാരും വന്നിരുന്നു. പാണ്ടങ്കേരി പള്ളിക്കാർ വരികയും അവരുടെ കാര്യങ്ങൾ കൗൺസിൽ ആലോചിച്ച് തീരുമാനിക്കുകയും അത് തീർക്കുന്നതിനു ദീവന്നാസ്യോസ് മെത്രാച്ചന്റെ പേർക്കു നാം എഴുതുകയും ചെയ്തു. മാനേജർ കത്തനാർ വന്നിരുന്നു. പരുമല നിന്നും കാരിക്കോട്ടു മാത്യൂസ് കത്തനാരും വന്നിരുന്നു. സമുദായക്കേസ് വാദിച്ച എം. കെ. നമ്പ്യാരുടെ മകളുടെ വിവാഹത്തിന് എഴുത്തു വന്നതിനു മറുപടിയും സമ്മാനമായി 5 പവന്റെ മാല വാങ്ങി അയയ്ക്കുകയും ചെയ്തു. പീലക്സിനോസ് മെത്രാച്ചൻ ഇവിടെ താമസിക്കു

കയും മറ്റു മെത്രാച്ചന്മാർ പോകുകയും ചെയ്തു.

24 വെള്ളി. ഇന്ന് 9 മണിക്ക് പീലക്സിനോസ് മെത്രാച്ചൻ തിരിച്ചുപോയി. അബ്രഹാം കത്തനാർ മാളിയേക്കൽ കുട്ടിയപ്പനു വേണ്ടി കുർബ്ബാന ചൊല്ലുകയും നാം അതിൽ സംബന്ധിക്കുകയും ചെയ്തു. മാനേജർ കത്തനാർ വന്നിരുന്നു. മാവേലിക്കര നിന്നും വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർ വരികയും പള്ളിപണി കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് കല്പനയും വാങ്ങി പോയി. വളരെ സുഖമായിരുന്നു. അബ്രഹാം കത്തനാർ ഇവിടെ താമസിച്ചു.

25 ശനി. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. സുഖമായിരുന്നു.

26 ഞായർ. കാലത്തു പള്ളിയിലേക്കു പോയി. നമസ്കാരവും കഴിഞ്ഞ് നാം കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 10 മണി കഴിഞ്ഞ് ശുശ്രൂഷകൾ കഴിഞ്ഞ് മുറിയിലേക്കു വന്നു വിശ്രമിച്ചു. സന്ധ്യ കഴിഞ്ഞ് അബ്രഹാം കത്തനാർ വരികയും താമസിക്കുകയും ചെയ്തു.

27 തിങ്കൾ. ഇന്ന് പത്തു മണിക്ക് കണ്ടച്ചിറ കുര്യന്റെ കല്യാണം ഇവിടെ വച്ചു നടത്തിക്കൊടുത്തു. അത്താനാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു. 11 മണിക്ക് വിവാഹ കൂദാശ കഴിഞ്ഞ് ഇവിടെ നിന്നും നാം ആലപ്പുഴ ഒരു കല്യാണം നടത്തുന്നതിനായി പോയി. ഒന്നര മണിക്ക് അവിടെ ചെന്ന് പള്ളിയിൽ കയറി ലുത്തിനിയാ നടത്തി. മുറിയിൽ വന്ന് വിശ്രമിക്കുകയും ഉച്ചമേശ കഴിക്കുകയും ചെയ്തു. 3 മണിക്ക് നമ്മുടെ സഹോദരിയുടെ മകന്റെ മകന്റെയും (മൂക്കഞ്ചേരിൽ) മട്ടയ്ക്കൽ വക്കീലിന്റെ മകളുടെയും കല്യാണം നടത്തി. വിവാഹ കൂദാശ കഴിഞ്ഞ് അവിടെ താമസിക്കുകയും ചെയ്തു. യാത്ര കൊണ്ടും മറ്റും വയറ്റിൽ നല്ല സുഖമില്ലായിരുന്നു.

28 ചൊവ്വ. കാലത്ത് 8 മണിക്ക് ലുത്തിനിയാ കഴിഞ്ഞ് പൂപ്പള്ളിൽ കുട്ടിച്ചന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയശേഷം വീട്ടിൽ പോകുകയും കുട്ടിച്ചന്റെ ഭാര്യ സുഖമില്ലാതെ ഇരുന്നതിനാൽ പ്രത്യേകം പ്രാർത്ഥനകൾ നടത്തി കാപ്പിമേശയും കഴിഞ്ഞ് ഒമ്പതു മണിക്ക് അവിടെ നിന്നും തിരിച്ച് കാർത്തിക പ്പള്ളി പള്ളിയിൽ വരികയും അവിടെ ലുത്തിനിയാ നടത്തിയശേഷം വിശ്രമിക്കുകയും ചെയ്തു. പള്ളിക്കൂടത്തിലെ ഹെഡ്മാസ്റ്റർ ഡബ്ലിയു. സി. വർഗീസ് കത്തനാരും വെണ്ണിക്കുളത്ത് ജോർജ് കത്തനാരും ഉണ്ടായിരുന്നു. ഇടവകയിൽ നിന്നും പലരും വന്നു കാണുകയുണ്ടായി. ഉച്ചനമസ്കാരവും ഭക്ഷണവും കഴിഞ്ഞ് വീണ്ടും വിശ്രമിച്ചു. 4 മണിക്ക് അവിടെ നിന്നും തിരിച്ച് തഴക്കര സ്കൂളിൽ കയറി അവിടെയെല്ലാം നോക്കി കണ്ടശേഷം അവിടെ നിന്നും തിരിച്ച് ആറര മണിക്ക് തിരുവല്ലാ ബഥനി അരമനയിൽ വന്നുചേരുകയും ദീവന്നാസ്യോസ് മെത്രാച്ചനോടു കൂടി സുഖമായി താമസിക്കുകയും ചെയ്തു. ബഥനി അരമനയിൽ അച്ചന്മാരും കോറെപ്പിസ്കോപ്പന്മാരും മറ്റ് ആളുകളും ഉണ്ടായിരുന്നു. മെത്രാച്ചനുമായി അല്പം മുഷിഞ്ഞു സംസാരിക്കുകയും ചെയ്തു.

29 ബുധൻ. കാലത്ത് ആറു മണിക്ക് നമസ്കാരം കഴിഞ്ഞ് തിരുവല്ലാ ബഥനി അരമനയിൽ നിന്നും തിരിച്ച് ഏഴു മണിക്ക് ദേവലോകം അരമനയിൽ സുഖമായി എത്തിച്ചേർന്നു. ഉച്ചകഴിഞ്ഞ് പഴയസെമിനാരി മാനേജർ കത്തനാർ വന്നിരുന്നു. സന്ധ്യ കഴിഞ്ഞ് മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നു താമസിക്കുകയുണ്ടായി.

30 വ്യാഴം. വിശേഷങ്ങൾ ഒന്നുമില്ല. 11 മണിക്ക് ഇവിടെ നിന്നും മാങ്ങാനം അഗതിമന്ദിരത്തിൽ പോയി രോഗിയായി കിടക്കുന്ന പന്തനാലിൽ തോമസ് കത്തനാരെ കാണുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തിയശേഷം ഉടനെ തിരിച്ചുപോരുകയും ചെയ്തു. മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോകയും ചെയ്തു.

31 വെള്ളി. വിശേഷങ്ങൾ ഒന്നുമില്ല. സുഖമായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു.

1956 സെപ്റ്റംബർ മാസം

1 ശനി. സുഖമായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. സി. റ്റി. ഈപ്പൻ കത്തനാർ വരികയും സി.എസ്.ഐ. ബിഷപ്പിന്റെ ക്ഷണപ്രകാരം പാശ്ചാത്യ ദേശത്തുനിന്നും വന്നവരായ രണ്ടു ബിഷപ്പന്മാർ വരികയും നമ്മെ കാണുകയും ചെയ്തു. അപ്പോൾ ഈപ്പൻ കത്തനാർ അടുത്തുണ്ടായിരുന്നു. 4 മണിക്കു അവർ വന്നു സംസാരിച്ചശേഷം പോകുകയും ചെയ്തു.

2 ഞായർ. നാം കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. 11 മണി കഴിഞ്ഞ് നാം ഇവിടെ വിശ്രമിച്ചു. 4 മണി കഴിഞ്ഞ് പീലക്സിനോസ് മെത്രാച്ചൻ താഴത്തങ്ങാടി പള്ളിയിൽ കുർബ്ബാനയും മറ്റും ചൊല്ലി ഇവിടെ വന്ന് നമ്മെ കണ്ടശേഷം മടങ്ങിപ്പോയി.

3 തിങ്കൾ. 7 മണിക്ക് പന്തനാലിൽ തോമസ് കത്തനാർ മരിച്ചുപോയ വിവരം അറിയുകയും സെക്രട്ടറി ഉമ്മൻ ശെമ്മാശനെ മരിച്ചു കിടക്കുന്ന സ്ഥലമായ ആശുപത്രിയിലേക്ക് അയയ്ക്കുകയും ചെയ്തു. മാനേജർ കത്തനാർ വന്നിട്ട് ശവസംസ്കാരത്തിൽ സംബന്ധിപ്പാൻ പോയി. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

4 ചൊവ്വ. നാം സുഖമായി ഇവിടെ താമസിച്ചു. അയ്മനത്തിൽ നിന്ന് ഡോ. പോൾ വന്ന് നോക്കുകയും വിശേഷങ്ങൾ അറിഞ്ഞു പോകുകയും ചെയ്തു. 2 മണിക്ക് പാത്താമുട്ടം പള്ളിയിൽ പോയി ലുത്തിനിയാ നടത്തി രോഗിയായി കിടക്കുന്ന എം. സി. കുറിയാക്കോസ് റമ്പാച്ചനെ കാണുകയും പ്രാർത്ഥിക്കുകയും ചെയ്തശേഷം ചികിത്സയ്ക്കു 100 രൂപാ കൊടുക്കുകയും ചെയ്തു. തൃപ്പൂണിത്തുറ നിന്നും ഇളയ സഹോദരിയും മകളും മറ്റും കൂടി വരികയും നമ്മെ കണ്ടു വിശേഷങ്ങൾ അറിഞ്ഞു പോകുകയും ചെയ്തു. സന്ധ്യയ്ക്കു ആറു മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ അരമനയിൽ വരികയും വിശേഷങ്ങൾ പറഞ്ഞ് താമസിക്കുകയും ചെയ്തു.

5 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. നാം ഇവിടെ സുഖമായി താമസിച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു.

6 വ്യാഴം. കാപ്പിമേശ കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചൻ പഴയസെമിനാരിയിൽ ചികിത്സയ്ക്കായി പോകുകയും നാമും അദ്ദേഹത്തോടുകൂടി പഴയ സെമിനാരി സന്ദർശിച്ച ശേഷം തിരിച്ചു മടങ്ങുകയും അദ്ദേഹം അവിടെ താമസിക്കുകയും ചെയ്തു. 10 മണി കഴിഞ്ഞ് കൗൺസിൽ കൂടുന്നതിനായി ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ അരമനയിൽ വരികയും കൂടി ആലോചിച്ച് കാര്യങ്ങൾ നമ്മെ അറിയിച്ചശേഷം മടങ്ങിപ്പോവുകയും ചെയ്തു. സന്ധ്യ കഴിഞ്ഞ് അബ്രഹാം കത്തനാർ വരികയും താമസിക്കുകയും ചെയ്തു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

7 വെള്ളി. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. നാം ഇവിടെ സുഖമായി താമസിച്ചു. യോഹന്നാൻ മല്പാൻ വന്നിരുന്നു.

8 ശനി. വിശേഷങ്ങൾ ഒന്നുമില്ല. തൃപ്പൂണിത്തുറ നിന്നും കുഞ്ഞന്നാമ്മയുടെ മകൻ വന്നിരുന്നു. കന്യകമാതാവിന്റെ ജനനപെരുന്നാൾ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് യോഹന്നാൻ കത്തനാർ പോയി. കുറിച്ചിയിൽ നിന്നും ചാക്കോച്ചൻ വന്നിരുന്നു.

9 ഞായർ. നാം ഇവിടെ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. അകമ്പള്ളിയിൽ നിന്നും അച്ചാമ്മയ്ക്കു സുഖമില്ലെന്ന് ഒരുകമ്പി കിട്ടിയതനുസരിച്ച് വിവരങ്ങൾ അറിയാൻ വേലക്കാരനെ വിടുകയുണ്ടായി. നാം ഇവിടെ വിശ്രമിച്ചു.

10 തിങ്കൾ. അകമ്പള്ളിലെ വിവരങ്ങൾ അറിയുകയുണ്ടായി. അടുത്ത ദിവസം അകമ്പള്ളിൽ പോകണമെന്നു നിശ്ചയിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് മാങ്ങാനം ദയറായിൽ പോയി തേവോദോസ്യോസ് മെത്രാച്ചനെ കാണുകയും വിശേഷങ്ങൾ പറയുകയും ചെയ്തശേഷം നാലു മണിക്ക് തിരിച്ച് അരമനയിൽ വന്നു താമസിച്ചു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

11 ചൊവ്വ. കാലത്ത് 9 മണിക്ക് അരമനയിൽ നിന്ന് പുത്തൻകുരിശിൽ അകമ്പള്ളിൽ അച്ചാമ്മയുടെ രോഗവിവരം അറിയുന്നതിനായി തിരിച്ചു. മണലിൽ യാക്കോബ് കത്തനാരും മറ്റും ഉണ്ടായിരുന്നു. പോകുന്ന വഴി മൂവാറ്റുപുഴ അരമനയിൽ കയറി അല്പം ആശ്വസിച്ചശേഷം 12 മണിയോടു കൂടി അകമ്പള്ളിൽ എത്തിച്ചേരുകയുണ്ടായി. സുഖക്കേട് അല്പം കൂടി കിടക്കുകയായിരുന്നു. കുഞ്ഞന്നാമ്മയും മറ്റും വന്നിട്ടുണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് രണ്ടു മണിക്ക് അച്ചാമ്മയ്ക്കു തൈലാഭിഷേക ശുശ്രൂഷ നടത്തിയശേഷം നാം അവിടെ നിന്നും തിരിച്ച് തൃപ്പൂണിത്തുറ വഴി കോട്ടയത്തേക്കു തിരിച്ച് അഞ്ചര മണിക്ക് ദേവലോകത്ത് എത്തുകയും ചെയ്തു. യാത്രാക്ഷീണം കൊണ്ട് ഇവിടെ വിശ്രമിച്ചു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

12 ബുധൻ. കഴിഞ്ഞ ദിവസത്തെ യാത്രയുടെ അല്പം ക്ഷീണമുണ്ടായിരുന്നു. അബ്രഹാം കത്തനാർ വരികയും താമസിക്കുകയും ചെയ്തു.

13 വ്യാഴം. ഇന്നു വിശേഷങ്ങൾ ഒന്നുമില്ല. കുറ്റിക്കണ്ടത്തിലച്ചൻ, സി. റ്റി. ഈപ്പൻ കത്തനാർ, എൻ. ജി. കുര്യൻ കത്തനാർ, കല്ലിശ്ശേരി തോട്ടത്തിൽ ഗീവറുഗീസ് കത്തനാർ എന്നിവർ വന്ന് വിശേഷങ്ങൾ അറിഞ്ഞു പോയി. ഉച്ച മേശ കഴിഞ്ഞ് നാം പഴയസെമിനാരിയിലേക്കു പോകുകയും ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ട് സുഖസ്ഥിതികൾ അറിഞ്ഞ് മൂന്നു മണിക്ക് തിരിച്ചു അരമ നയിലേക്കു പോകുകയും ചെയ്തു. യോഹന്നാൻ മല്പാൻ അടുത്ത ദിവസം കുർബ്ബാന ചൊല്ലുന്നതിനായി വന്നു താമസിക്കുകയുണ്ടായി.

14 വെള്ളി. സ്ലീബാപ്പെരുന്നാൾ ആയിരുന്നു. തിരുവല്ലാ സെന്റ് ജോർജ്ജ് മാനേജരുടെ പേർക്കുള്ള നേർച്ചയനുസരിച്ച് മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. നാം നടുവിലും മല്പാൻ യോഹന്നാൻ കത്തനാരും മൂലവട്ടത്ത് അബ്രഹാം കത്തനാരും കൂടിയായിരുന്നു ചൊല്ലിയത്. സ്ലീബാദാസൻ ഫീലിപ്പോസ് കത്ത നാർ വന്നിരുന്നു. സ്ലീബാദാസന്മാരുടെ 32-ാം വാർഷികം സംബന്ധിച്ച് ഒന്നര മണിക്ക് ഇവിടെ നിന്നും നിലയ്ക്കൽ പള്ളിയിലേക്കു പോയി. അതിൽ അദ്ധ്യക്ഷം വഹിച്ച് ഒരു പ്രസംഗവും നടത്തി അല്പം സമയങ്ങൾ കൂടി ഇരു ന്നശേഷം തിരിച്ച് അരമനയിലേക്കു പോരുകയും ചെയ്തു. ഒസ്താത്തിയോ സ്, ഈവാനിയോസ്, അത്താനാസ്യോസ് എന്നീ മെത്രാച്ചന്മാരും കുറെ വൈദി കന്മാരും ധാരാളം ആളുകളും വാർഷികയോഗത്തിൽ സംബന്ധിച്ചിരുന്നു. യോഹന്നാൻ മല്പാൻ കത്തനാരും ഇവിടെ താമസിച്ചിരുന്നു. രാത്രി 8 മണിക്ക് ബാറ്റാ സായിപ്പ് കുറെ പടങ്ങൾ കൊണ്ടു കാണിക്കുകയുണ്ടായി.

15 ശനി. യോഹന്നാൻ മല്പാൻ കാലത്തു തന്നെ പോയി. നാം ഇവിടെ വിശ്രമിച്ചു. അമേരിക്കയിൽ പോയിരുന്ന ശമുവേൽ ശെമ്മാശൻ വരികയും വിശേ ഷങ്ങൾ പറഞ്ഞ് ഇവിടെ താമസിക്കുകയും ചെയ്തു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു.

16 ഞായർ. നാം ഇന്ന് ഇവിടെ കുർബ്ബാന ചൊല്ലുകയുണ്ടായി. ശമുവേൽ ശെമ്മാശൻ പ്രസംഗിച്ചു. 10 മണിക്ക് ശുശ്രൂഷകൾ തികച്ചശേഷം വിശ്രമിക്കു കയുണ്ടായി. വട്ടശ്ശേരിൽ ഫീലിപ്പോസ് കത്തനാർ വരികയും ഇവിടെ താമസി ക്കുകയും ചെയ്തു.

17 തിങ്കൾ. വട്ടശ്ശേരിൽ ഫീലിപ്പോസ് കത്തനാർ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഉച്ചയോടുകൂടി ഫീലിപ്പോസ് കത്തനാർ പോയി. ശമു വേൽ ശെമ്മാശനും പോയി. മാനേജർ കത്തനാർ വന്നിരുന്നു. 11 മണിക്ക് പീല ക്സിനോസ് മെത്രാച്ചൻ വരികയും ഉച്ചനമസ്കാരവും ഭക്ഷണവും കഴിഞ്ഞ് രണ്ടു മണിക്ക് മെത്രാച്ചൻ പത്തനംതിട്ടയ്ക്കു പോകയും ചെയ്തു. സന്ധ്യ യോടു കൂടി അബ്രഹാം കത്തനാർ വന്നു താമസിക്കുകയുണ്ടായി.

18 ചൊവ്വ. അതിരാവിലെ അബ്രഹാം കത്തനാർ മൂലവട്ടം പള്ളിയിലേക്കു പോയി. ഉച്ചമേശ കഴിഞ്ഞ് ഒന്നര മണിക്ക് നാം എത്തി സ്കൂളും വാദ്ധ്യാന്മാ രെയും മറ്റും കണ്ടശേഷം നാലര മണിക്ക് അവിടെ നിന്നും തിരിച്ച് മല്ലപ്പള്ളി വഴി തിരിച്ചു മടങ്ങി 6 മണിക്ക് അരമനയിൽ വന്നു സന്ധ്യാനമസ്കാരവും മറ്റും കഴിഞ്ഞ് സുഖമായി ഇവിടെ വിശ്രമിക്കുകയും ചെയ്തു.

19 ബുധൻ. സുഖമായി അരമനയിൽ താമസിച്ചു. പുലിക്കോട്ടിൽ ജോസഫ് കത്തനാരും അയ്യമ്പള്ളിൽ ജോണും കൂടി വന്നു. ജോസഫ് കത്തനാരെ അയ്യ മ്പള്ളി വികാരിയായി നിയമിച്ചു കല്പന കൊടുത്തു. വയലത്തലക്കാരൻ ഗബ്രി യേൽ കത്തനാരും മറ്റും വന്നിരുന്നു.

20 വ്യാഴം. ഇന്നു മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നതിനാൽ ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ 10 മണി കഴിഞ്ഞ് വരികയും കൂടിയാലോചനകൾ നടത്തുകയും ചെയ്തു. ഉച്ചനമസ്കാരവും മേശയും എല്ലാവരും കൂടി കഴിഞ്ഞ് വീണ്ടും കൂടുകയു ണ്ടായി. പേഴമറ്റത്ത് അച്ചൻ വന്നു നമ്മെ കൂട്ടിക്കൊണ്ട് രണ്ടര മണിക്ക് വാഴൂർ അപ്പർപ്രൈമറി സ്കൂളിന് കല്ലിടുന്നതിനായി കൊണ്ടുപോയി. 3 മണിക്ക് നാം അവിടെയെത്തി ഒരു ചെറുപ്രസംഗം ചെയ്തശേഷം പള്ളിക്കൂടത്തിന്റെ ശിലാ സ്ഥാപനകർമ്മം നിർവ്വഹിച്ചു. പാമ്പാടിയിലെ മെത്രാച്ചനും ഉണ്ടായിരുന്നു. ശേഷിച്ച മീറ്റിംഗിലെ പരിപാടികൾ മെത്രാനെ ഏല്പിച്ചശേഷം 5 മണിക്ക് നാം അരമനയിൽ തിരിച്ച് എത്തുകയും ചെയ്തു. 4 മണിക്ക് മെത്രാച്ചന്മാർ അവ രുടെ ആസ്ഥാനങ്ങളിലേക്കു പോയി. സന്ധ്യയോടു കൂടി അബ്രഹാം കത്ത നാർ വന്നു താമസിക്കുകയുണ്ടായി.

21 വെള്ളി. സുഖമായിരുന്നു. വിശേഷങ്ങൾ ഒന്നുമില്ല. ബഥനിയിലെ

മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ വന്നു കൂടി കാര്യങ്ങൾ ആലോചിച്ചു. ഉച്ചനമ സ്കാരം, മേശ ഇവകൾ കഴിഞ്ഞു വീണ്ടും ആലോചനകൾ കഴിഞ്ഞ് അഞ്ചു മണിക്ക് അവ രെല്ലാം തിരിച്ചുപോയി.

മത്തായി കത്തനാർ വരികയുണ്ടായി. വിശേഷങ്ങൾ അറിഞ്ഞു പോകുകയും ചെയ്തു. കുറ്റിക്കണ്ടത്തിലെ കത്തനാർ വന്നിരുന്നു.

22 ശനി. മാനേജർ കത്തനാർ വന്നിരുന്നു. സന്ധ്യയോടു കൂടി തേവോദോ സ്യോസ് മെത്രാച്ചൻ വരികയും ഇവിടെ താമസിക്കയും ചെയ്തു.

23 ഞായർ. തേവോദോസ്യോസ് മെത്രാച്ചൻ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് നാം കുറെ സമയം പ്രസംഗിച്ചു. 10 മണിക്ക് മുറിയിൽ വന്നു വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് മെത്രാച്ചൻ മാങ്ങാനം ദയ റായിലേക്കു പോയി. സന്ധ്യയ്ക്ക് അബ്രഹാം കത്തനാർ വന്നു താമസിച്ചു.

24 തിങ്കൾ. മാർ ദിമേത്തിന്റെ ഓർമ്മപെരുന്നാൾ പ്രമാണിച്ച് അബ്രഹാം കത്തനാർ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. എട്ടു മണിക്ക് ഏലി യാസ് തോമസ് കോറെപ്പിസ്കോപ്പാ വരികയും നമ്മെ കണ്ടു സംസാരിക്കു കയും ചെയ്തു. എട്ടര മണിക്ക് നാം ഇവിടെ നിന്നും പഴയസെമിനാരിയിൽ പോകുകയും ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ടു വർത്തമാനങ്ങൾ പറകയും ചെയ്തു. പത്തര മണിക്ക് ഡപ്യൂട്ടി പ്ലാനിംഗ് മന്ത്രി ഗുരാലിലാൽ മിശ്ര സെമി നാരിയിൽ വരികയും പള്ളിയും കെട്ടിടങ്ങളും കമ്മിറ്റി മാളികയും മറ്റും കാണു കയുണ്ടായി. നമ്മോടും മെത്രാച്ചനോടും കുറെ സമയം സംസാരിച്ച് സ്നേഹവും നന്ദിയും പ്രദർശിപ്പിച്ചശേഷം 11 മണിക്ക് മടങ്ങിപ്പോയി. മാനേജരച്ചനും മണ ലിൽ യാക്കോബ് കത്തനാരും ജോർജ് കത്തനാർ ആദിയായവരും ഉണ്ടായിരു ന്നു. പതിനൊന്നര മണിക്ക് നാം അവിടെ നിന്നും അരമനയിലേക്കു തിരിച്ച് എഴുന്നള്ളി. ഉച്ചനമസ്കാരവും മേശയും കഴിഞ്ഞിരിക്കുമ്പോൾ ഒരു മണിക്ക് യൂറോപ്യൻ പര്യടനം കഴിഞ്ഞ് റുമേനിയൻ പാത്രിയർക്കീസിന്റെ സമ്മാനത്തോ ടുകൂടി ഫീലിപ്പോസ് കത്തനാർ വരികയും വിശേഷങ്ങൾ പറഞ്ഞു വീട്ടിലേക്കു പോകുകയും ചെയ്തു. വേണാട്ടുകളത്തിൽ ചാക്കോച്ചൻ വന്നു വിശേഷങ്ങൾ അറിഞ്ഞു മടങ്ങിപ്പോയി. കോറെപ്പിസ്കോപ്പാ അച്ചനും അബ്രഹാം കത്തനാരും പോയി. 4 മണി കഴിഞ്ഞ് എത്യോപ്യൻ ചക്രവർത്തിയുടെ വരവിനെക്കുറി ച്ചുള്ള വിവരങ്ങൾ അറിയുന്നതിനായി ചേപ്പാട്ടു നിന്നും ഫീലിപ്പോസ് കത്ത നാരും മറ്റു ചില ആളുകളും കൂടി വരികയും കാര്യങ്ങൾ പറഞ്ഞശേഷം മട ങ്ങിപ്പോകുകയും ചെയ്തു.

25 ചൊവ്വ. സുഖമായി ഇവിടെ താമസിച്ചു. ഫീലിപ്പോസ് കത്തനാർ വരി കയും യാത്രാവിവരണങ്ങളും പാത്രിയർക്കീസന്മാരെ കണ്ട കാര്യങ്ങളും മറ്റും പറഞ്ഞു.

26 ബുധൻ. മനസ്സിന്റെ അല്പം വിഷമമുണ്ടായിരുന്നു. ഇവിടെ നിന്നിരുന്ന കൊച്ചു തോമ്മായെ പറഞ്ഞുവിട്ടു. അബ്രഹാം കത്തനാർ ഇവിടെ ഉണ്ടായിരു ന്നു.

27 വ്യാഴം. സുഖമായിരുന്നു. ഉച്ചയോടുകൂടി പീലക്സിനോസ് മെത്രാച്ചൻ വരികയും നമസ്കാരവും മറ്റും കഴിഞ്ഞ് രണ്ടു മണിക്ക് റീത്തുപ്രസ്ഥാനത്തിന് എതൃപ്രചരണ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോകുകയും ചെയ്തു. സി. റ്റി. ഈപ്പൻ കത്തനാർ, ആലപ്പുഴ കൊറ്റാത്തുവിള കത്തനാർ, കെ. ഫീലിപ്പോസ് കത്തനാർ എന്നിവരും മറ്റും വന്നിരുന്നു.

28 വെള്ളി. വിശേഷങ്ങൾ ഒന്നുമില്ല. മാനേജർ കത്തനാർ വരികയും ഇവിടെ താമസിക്കുകയും ചെയ്തു. അബ്രഹാം കത്തനാരും ഇവിടെ ഉണ്ടായിരുന്നു.

29 ശനി. കാലത്ത് അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. വെങ്ങാ ഴിയിലെ കത്തനാർ വന്നിരുന്നു. കുറിച്ചിയിൽ നിന്ന് ചാക്കോച്ചൻ, യോഹന്നാൻ കുട്ടി എന്നിവർ അകമ്പള്ളിൽ പോയി അച്ചാമ്മയുടെ വിവരങ്ങൾ അറിഞ്ഞു മടങ്ങി വന്നു നമ്മെ അറിയിക്കുകയുണ്ടായി. മാനേജരച്ചൻ 5 മണിക്ക് പഴയ സെമിനാരിക്കു പോയി.

30 ഞായർ. അരമന പള്ളിയിൽ നാം കുർബ്ബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഉമ്മൻ ശെമ്മാശൻ വീട്ടിൽ പോയി. നാം ഇവിടെ സുഖമായി വിശ്രമിച്ചു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശുദ്ധിയുടെ കൈയ്യൊപ്പ്

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കരസഭയിൽ വിശുദ്ധിയുടെ കൈയ്യൊപ്പ് പകർന്ന് പുണ്യജീവിതം നയിച്ച മഹാമുനിയാണ് പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1848-1902). പ്രാർത്ഥനയുടെ ആദ്ധ്യാത്മീകത ബാല്യത്തിൽ ഉത്സാഹത്തോടെ ഉൾക്കൊണ്ടതിനാൽ ഒൻപതാം വയസ്സിൽ (1857 സെപ്റ്റം. 26) കോറൂയോ പട്ടം ലഭ്യമായി. സുറിയാനി ഭാഷ, വേദശാസ്ത്രം, ആരാധനാക്രമം, കാനോൻ, ഭരണ ക്രമം, വിശ്വാസപ്രമാണം, ആചാര അനുഷ്ഠാനം എന്നിവയിൽ അതീവ പ്രാവീണ്യം നേടി, 16-ാം വയസ് കഴിഞ്ഞപ്പോൾ വൈദികനും (1864) 17-ാം വയസിൽ കോർഎപ്പിസ്ക്കോപ്പായുമായി (1865). റമ്പാനാകുമ്പോൾ പ്രായം 24 ഉം (1872-ഏപ്രിൽ 7), മെത്രാപ്പോലീത്തായായി 1876 ഡിസംബർ 10-ന് ഉയർത്തപ്പെടുമ്പോൾ പ്രായം 28 ഉം മാത്രം. മലങ്കരസഭയിൽ പട്ടത്വ പദവികളെല്ലാം ഇത്ര ചെറുപ്പത്തിൽ ലഭ്യമായ ഏക വ്യക്തി പരുമല തിരുമേനിയാണ്.

വൈദികനായതിനുശേഷം ഏകാന്ത ധ്യാനത്തിനും മൗനത്തിനുമായി വെട്ടിക്കൽ കുരിശു പള്ളിയിൽ താമസിച്ച് (1865-1878). കഠിനമായ ഉപവാസവും അനസ്യൂതമായ പ്രാർത്ഥനയും ബാഹ്യവും ആന്തരീകവുമായ മൗനവും ഇന്ദ്രീയ സംയമനവും സ്വായത്തമാക്കി. ധർമ്മവും ലാളിത്യവും ജീവിത ക്രമമായി വളർത്തിയതിനാൽ പൊതുപ്രബോധനങ്ങളിൽ സത്യത്തിനും നീതിക്കും വേണ്ടി ധീരമായ നിലപാടുകളെടുത്തു. *വിനയം ക്ഷമാശീലം, കരുണ, ഔദാര്യം, നിഷ്കാപട്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ പൂർണ്ണമായി പരുമല തിരുമേനിയിൽ നിറഞ്ഞുനിന്നതായി* 1902-ൽ എം.പി. വർക്കി രേഖപ്പെടുത്തി. വെട്ടിക്കലെ ഏകാന്ത ജീവിതം വഴി നിരന്തരമായ പ്രാർത്ഥനയും ധ്യാനവും ഉൾക്കൊണ്ട് വ്രതവിശുദ്ധിയും ആത്മജ്ഞാനവും പ്രാപിച്ചു. ഏകദേശം 13 വർഷം വെട്ടിക്കൽ താമസിച്ച അദ്ദേഹം പരുമല സെമിനാരിയിൽ പ്രവർത്തിച്ചത് 24 വർഷമാണ് (1878-1902). നിരണം, തുമ്പൺ, കൊല്ലം തുടങ്ങിയ ഭദ്രാസനങ്ങളുടെ ഭരണം, ഇടയ ശുശ്രൂഷ, വൈദിക പരിശീലനം, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ പരുമല കേന്ദ്രമാക്കി നിർവ്വഹിച്ച് വിശുദ്ധിയുടെയും പരിത്യാഗത്തിന്റെയും മാതൃകയായി. കേരളത്തിന്റെ തെക്കും വടക്കുമുള്ള പ്രദേശങ്ങളിൽ ആധ്യാത്മിക പ്രബോധനങ്ങൾ നൽകിയ പരുമല തിരുമേനിക്ക് *ലൗകിക സാമർത്ഥ്യങ്ങൾ ഒന്നുമില്ലാതെ അനേകം പള്ളികളേയും ജനങ്ങളേയും സമാധാനമായി ഭരിക്കുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ലാ* എന്നാണ് ദൃക്സാക്ഷ്യം. മലങ്കരസഭയിലെ മുഴുവൻ പള്ളികളിലെയും റശ്ശീസാ പിരിവ് ശേഖരണത്തിന്റെ മുഖ്യ ചുമതലയും ഉണ്ടായിരുന്നതിനാൽ മലങ്കരസഭയിലെ മുഴുവൻ ഇടവകകളിലും അധികാരവും അവകാശവും ലഭ്യമായിരുന്നു.

പരുമല തിരുമേനി വെട്ടിക്കൽ ദയറായിൽ നിന്നും ചാത്തുരുത്തി തറവാട്ടിലേക്ക് 1878 ഫെബ്രുവരി 6-ന് അയച്ച കത്തിൽ പരുമലയിലേക്കുള്ള യാത്രയെക്കുറിച്ച് വിവരിക്കുന്നുണ്ട്... *പോകുന്നതിന് ഒരുപറ അരിയും കൂട്ടുവാൻ മുതലായതും ഏനപ്പെടുത്തണം... ഇപ്പോഴത്തെ ഈ പോക്കിൽ ഒരു ശരണം ദൈവമല്ലാതെ മറ്റൊന്നും ഇല്ലാത്ത സ്ഥിതിയാകുന്നു. കുറെ രൂപാ കൈവശം ഇരിക്കണമെന്നുള്ളത് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. ഒരു 50 രൂപായിൽ താഴെ ഇരിക്കേണ്ടതാണ്.* മൂന്ന് ദിവസം യാത്ര ചെയ്ത് കരിമ്പന കൂട്ടങ്ങളും വൻ കാവുകളും നിറഞ്ഞ പരുമല ദ്വീപിൽ അദ്ദേഹം എത്തിയത് ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു മാത്രമാണ്. പരുമല അഴിപ്പുരയും പഠിത്തവീടും സെമിനാരിയും എല്ലാം വളർന്ന് മഹാ പ്രസ്ഥാനമായതിന്റെ പ്രാരംഭം *ദൈവത്തിൽ ശരണപ്പെട്ടുള്ള* പരുമല തിരുമേനിയുടെ കർമ്മമാർഗ്ഗമായിരുന്നു.

മുളന്തുരുത്തിയിൽ നിന്നും പരുമലയിൽ എത്തിയെങ്കിലും പരുമല തിരുമേനി ചാത്തുരുത്തി കുടുംബവുമായി ഉത്തമ സൗഹൃദ ബന്ധം നിലനിർത്തി. 10 വയസ്സ് തികയും മുമ്പെ ചാത്തുരുത്തി ഭവനത്തിൽ നിന്നും പള്ളിയിലും ദയറായിലുമായി താമസിച്ചെങ്കിലും വീട്ടിലെ ഓരോ സംഭവങ്ങൾക്കും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. *വീട്ടിലുള്ള ഓരോ പുല്ലും പൂവും ചെടിയും കായും മരവും മൃഗവും അവിടെയുള്ള മനുഷ്യരെപ്പോലെതന്നെ തനിക്കു പ്രിയപ്പെട്ടതായിരുന്നു. അവസാന നിമിഷം വരെ അവയെല്ലാം പറ്റി അന്വേഷിക്കുകയും വേണ്ട സമയത്തു വേണ്ടുന്ന ഉപദേശങ്ങളും നിർദേശങ്ങളും നൽകിയിരുന്നു. ചെറിയ കാര്യങ്ങൾ പോലും കുടുംബത്തിൽ അറിയിക്കുമായിരുന്നു. തിരിച്ചും അങ്ങിനെ വേണമെന്നു നിഷ്കർഷിച്ചിരുന്നു. ഒരു ചെറിയ മുദ്ര കുത്തിയാലും വീട്ടിലുള്ള എല്ലാവരെയും ഒരു പുതിയ വിശേഷമെന്ന നിലയ്ക്ക് അറിയിക്കുമായിരുന്നു* എന്ന് കുടുംബാംഗമായ ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി സാക്ഷിക്കുന്നു.

പരുമല തിരുമേനി അയച്ച സ്വകാര്യ കത്തുകളെ അഞ്ച് വിഭാഗത്തിൽപ്പെടുത്താം. 1. വെട്ടിക്കൽ നിന്നും എഴുതിയ കത്തുകൾ. 2. ഊർശ്ലേം യാത്രയിലെ കത്തുകൾ 3. പരുമലയിൽ നിന്നുള്ള കത്തുകൾ. 4. വിവിധ ഇടവകകളിൽ നിന്ന് എഴുതിയ കത്തുകൾ. 5. ചാത്തുരുത്തി ഭവനത്തിലേക്ക് അയച്ച കത്തുകൾ. എല്ലാ കത്തിനും ഒരു ആമുഖ വാഴ്വും പശ്ചാത്തല വിവരണവുമുണ്ട്. തുടർന്ന് പ്രധാന ഉള്ളടക്കം അവതരിപ്പിക്കും. സന്മാർഗ്ഗ ഉപദേശങ്ങൾ എല്ലാകത്തിലും സമാപന വാഴ്വിനു മുമ്പായി ഉൾച്ചേർക്കും. കത്തുകൾ അധികവും സ്വന്ത കൈപ്പടയിൽ എഴുതിയവയാണ്. സ്വകാര്യ കത്തുകളിൽ പ്രതിഫലിക്കുന്ന പ്രധാന പ്രമേയം സാഹോദര്യ സ്നേഹത്തിന്റെ അനിവാര്യത,

ധാർമ്മിക-സന്മാർഗ്ഗ ജീവിതത്തിന്റെ നിഷ്ഠ, ദൈവഭയത്തിലുള്ള വിശുദ്ധ ജീവിതം, കുടുംബ-ദാമ്പത്യ ബന്ധത്തിന്റെ സുസ്ഥിരത, സാമൂഹിക തിന്മകളോടുള്ള വിമർശനം, പ്രകൃതിയുടെയും ജീവജാലങ്ങളുടെയും സംരക്ഷണം, സഭയിലെ കക്ഷിവഴക്കുകൾ അവസാനിപ്പിക്കണം തുടങ്ങിയ വിഷയങ്ങളിൽ കേന്ദ്രീകൃതമായിരുന്നു. ഭവനക്കാരെ സദാ ആത്മീയമായി പ്രബോധിപ്പിക്കുന്നതിന്റെ ഉൾക്കാഴ്ച 1878 സെപ്റ്റംബർ 18-ന് കൊച്ചു മത്തായിക്കെഴുതിയ കത്തിൽ വ്യക്തമാക്കുന്നുണ്ട്: *പിതാക്കന്മാരായ ഞങ്ങൾക്ക് നിങ്ങളുടെ നിമിത്തം ദൈവത്തിന്റെ സന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ബഹുമാനവും യശസ്സും വർദ്ധിപ്പിക്കുവാനായി നല്ലവണ്ണം നടക്കുകയും നിങ്ങളുടെ പിതാക്കന്മാരുടെ ചൊല്ലുവിളിയെ പിന്തുടരുകയും വേണം. കത്തുകളിൽ ദൈവത്തെ ഭയപ്പെടണമെന്നും നിങ്ങൾ നിമിത്തം ആരും വ്യസനിപ്പാൻ ഇടവരരുതെന്നും* ആവർത്തിച്ച് എഴുതിയിട്ടുണ്ട്. *ഒരു കാരണവശാലും നിഗളമോ മത്സര സ്വഭാവമോ വളർത്തെരുതെന്നും* പരുമല തിരുമേനി ഉപദേശിച്ചു.

പരുമല തിരുമേനിയുടെ സ്വകാര്യ കത്തുകളിലാണ് സാമൂഹ്യ ദർശനവും കേരള നവോത്ഥാന ദർശനങ്ങളും വെളിപ്പെടുന്നത്. നാടെങ്ങും വരൾച്ചയും ക്ഷാമവുമുണ്ടായ 1896-97 കാലത്ത് പള്ളികളിൽ നിന്നും ഭവനങ്ങളിൽ നിന്നും ദശാംശം സമാഹരിച്ച് മൂലംതിരുനാൾ രാമവർമ്മ മഹാരാജാവിനെ (1857-1924) സന്ദർശിച്ചിരുന്നു. ജാതിഭേദമെന്യേ ഏവർക്കും സർക്കാർ ജോലി നൽകണമെന്ന ആവശ്യം ഉന്നയിച്ച് ആലപ്പുഴയിൽ കൗണ്ടർ മലയാളി മെമ്മോറിയൽ സമ്മേളനത്തിൽ 1891-ൽ അധ്യക്ഷത വഹിച്ചു. ശിശുവിവാഹത്തിനും സ്ത്രീധനത്തിനുമെതിരെ പരുമല തിരുമേനി നിരന്തരം പ്രബോധിപ്പിച്ചു. വിധവകളെയും വൃദ്ധന്മാരെയും എല്ലായിടത്തും സംരക്ഷിക്കണമെന്നും ദളിതർക്ക് വിദ്യാഭ്യാസം നൽകണമെന്നും ആഹ്വാനം ചെയ്തു. ആരാധന ക്രമങ്ങൾ മലയാളത്തിലാക്കുന്നതിനും പ്രിന്റിംഗ് പ്രസ് (1878) ആരംഭിക്കുന്നതിനും ഇംഗ്ലീഷ് സ്ക്കൂളുകൾ തുടങ്ങുന്നതിനും (1879-1901 പരുമല തിരുമേനി നൽകിയ നേതൃത്വം ഉജ്ജ്വലമാണ്.

പരുമല തിരുമേനിയുടെ 54-ാം വയസിലെ ജീവിതാന്ത്യ വിവരണങ്ങൾക്ക് സാക്ഷ്യം വഹിച്ച കാരുചിറ റമ്പാൻ *(പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ)* 1902 ഡിസംബർ 4-ലെ ഡയറിയിൽ എഴുതി: *ദൈവഭക്തിയും സഭാ നിശ്ചയവും കാനോനും അനുസരിച്ചുള്ള എല്ലാ നടപടികളിലും കൃത്യനിഷ്ഠ, ഉപവാസം, പ്രാർത്ഥന, പ്രസംഗചാതുര്യം തുടങ്ങി എല്ലാ സംഗതികളും ഒരു ശരിയായ സന്യാസിയുടെയും മേൽപ്പട്ടക്കാരന്റെയും ചുമതലകളെ ആചരിച്ചു വന്നതിനാൽ വചനത്തേക്കാൾ പ്രവൃത്തിയിൽ ഇദ്ദേഹം എല്ലാവർക്കും ദൃഷ്ടാന്തമായിരുന്നു. ഇദ്ദേഹം ദൈവത്തിന്റെ ദൂതനാണെന്നോ അദ്ദേഹത്തിന്റെ അത്യുപ്തി സമ്പാദിച്ചാൽ ശാപം നേരിടുമെന്നോ ഉള്ള ബോധ്യം എല്ലാവരിലും ഏറെക്കുറെ വ്യാപിച്ചിരുന്നു.* ജീവിത വിശുദ്ധിക്കും സത്കർമ്മത്തിനും കുടുംബ ബന്ധത്തിനും പ്രാധാന്യം നൽകിയ പരുമല തിരുമേനി മലയാള മനസ്സിൽ വിശുദ്ധിയുടെ കൈയ്യൊപ്പ് പകർന്ന മഹാപരിശുദ്ധനാണ്. ❑

'മുളന്തുരുത്തി സുന്നഹദോസിന്റെയും തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പയുടെയും പാരമ്പര്യം' സെമിനാറിൽ കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത അധ്യക്ഷ പ്രസംഗം നടത്തുന്നു. കോശി ഫിലിപ്പ് തെങ്ങുംതറയിൽ കോറെപ്പിസ്കോപ്പാ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡോ. എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ സമീപം.

കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ സമുന്നത നേതാവ്: മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത

പത്തനംതിട്ട: മലങ്കരസഭയുടെ വിശ്വസ്ത കാര്യസ്ഥനും മുളന്തു രുത്തി സുന്നഹദോസിൽ പങ്കാളിത്തം വഹിച്ച സമുന്നതനേതാവു മായിരുന്നു തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ എന്നു കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്ത.

തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കത്തനാരുടെ കോറെപ്പിസ്കോപ്പാ സ്ഥാനാരോഹണത്തിന്റെ 150-ാം വാർഷികം പ്രമാണിച്ച് നടത്തിയ 'മുളന്തുരുത്തി സുന്നഹദോസും തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പായും' എന്ന സെമിനാറിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

തെങ്ങുംതറയിൽ കോറെപ്പിസ്കോപ്പായുടെ മകൻ ഗീവറുഗീസ് കോറെപ്പിസ്കോപ്പ രണ്ടാമനുമായുള്ള അടുപ്പം സഭാചരിത്രം മനസ്സിലാക്കാൻ സഹായകമായി. തെങ്ങുംതറയിൽ കോറെപ്പിസ്കോപ്പയ്ക്കു മുളന്തുരുത്തി സുന്നഹദോസിൽ സഭയുടെ ചുമതലകളുള്ള കാര്യസ്ഥസ്ഥാനമാണു നൽകിയത്. ഇലന്തൂരിൽ നിന്നു പത്തനംതിട്ടയിൽ എത്തിയ അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ഒട്ടേറെ സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുവെന്നു കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്താ പറഞ്ഞു.

പ്രഥമ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ അനുസ്മരണ പുരസ്കാരം ജോയ്സ് തോട്ടയ്ക്കാടിനു കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ സമർപ്പിച്ചു. കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പയുടെ മകൻ മല്പാൻ ഗീവർഗീസ് കോറെപ്പിസ്കോപ്പയുടെ ജീവചരിത്രം കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത ഡോ. പി. ജി. വറുഗീസ് കോറെപ്പിസ്കോപ്പായ്ക്ക് നൽകി പ്രകാശനം ചെയ്തു.

ജോയ്സ് തോട്ടയ്ക്കാടിന് അവാർഡ്

പത്തനംതിട്ട: പ്രശസ്ത മാധ്യമ പ്രവർത്തകനും ചരിത്രഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാടിന് തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പാ പ്രഥമ അവാർഡ് ലഭിച്ചു.

പത്തനംതിട്ട മാക്കാംകുന്നിൽ നടന്ന കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ അനുസ്മരണ സമ്മേളനത്തിൽ വെച്ച് കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്താ അവാർഡ് നൽകി. സഭാചരിത്ര ഗവേഷണ രംഗത്ത് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.

മലങ്കരസഭാ ഭരണഘടന, മലങ്കര അസോസിയേഷൻ, മലങ്കരസഭാ തർക്കം എന്നിവയുടെ ചരിത്രവും രേഖകളും സമാഹരിച്ച് പ്രസിദ്ധീകരിച്ചത് ജോയ്സ് തോട്ടയ്ക്കാടാണ്. മലങ്കരസഭാ ചരിത്രരേഖകൾ, പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ തിരുമേനിയുടെയും കല്പനബുക്കുകൾ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ രചനകൾ എന്നിവയും കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ രചനകളും പഠനങ്ങളും സമാഹരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ജോയ്സ് തോട്ടയ്ക്കാട് നടത്തിയ സമഗ്ര സംഭാവന അടിസ്ഥാനമാക്കി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ പതിനായിരം രൂപയുടെ അവാർഡ് സമ്മാനിച്ച് ആദരിച്ചിട്ടുണ്ട്.

മാധ്യമ പ്രവർത്തകൻ, എഴുത്തുകാരൻ, പ്രസാധകൻ, ഗവേഷകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന 55-കാരനായ ജോയ്സ് തോട്ടയ്ക്കാട് പത്തിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 100-ൽപരം ഗ്രന്ഥങ്ങളുടെ പ്രസാധകനാണ്.

ഡോ. എം. കുര്യൻ തോമസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, കോശി ഫിലിപ്പ് തെങ്ങുംതറയിൽ കോറെപ്പിസ്കോപ്പ, ജോയ്സ് തോട്ടയ്ക്കാട്, ഫിലിപ്പോസ് വർഗീസ്, ജിത്തു വർഗീസ് എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പരുമല കൊടിയേറ്റും വെറ്റിലയേറും

ഫാ. ബിജു പി. തോമസ്, നിരണം

പരിശുദ്ധ പരുമല തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളിനോട് അനുബന്ധിച്ച് നടത്തപ്പെടുന്ന കൊടിയേറ്റുമായി ബന്ധപ്പെട്ടുള്ള 'വെറ്റിലയേറ്' എന്ന സവിശേഷമായ ആചാരാനുഷ്ഠാന ത്തെയും തിരുമേനിയുടെ ജീവിതാന്ത്യത്തിന് കാരണമായ രോഗത്തെ സംബന്ധിച്ചും പ്രചരിപ്പിക്കപ്പെടുന്ന ചില തെറ്റിദ്ധാരണകൾ വിശദീകരിക്കുവാനാണ് ഈ കുറിപ്പ് എഴുതുന്നത്.

പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ ശുശ്രൂഷകൾക്ക് മുന്നോടിയായി നടക്കുന്ന കൊടിയേറ്റ് കർമ്മത്തിൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വളരെ ശ്രദ്ധിക്കപ്പെടുന്ന വ്യത്യസ്തമായ ഒരാചാരമാണ് വെറ്റിലയേറ്.

പരുമല പെരുന്നാളാചരണം എല്ലാ വർഷവും നവംബർ 1, 2 തീയതികളിലാണ് നടക്കുന്നത്. നവംബർ ഒന്നും രണ്ടും തീയതികൾ ശനി, ഞായർ ദിവസങ്ങൾ വന്നാൽ അടുത്ത ദിവസങ്ങളിലായി അതായത് രണ്ടും മൂന്നും തീയതികളിലാണ് പെരുന്നാൾ ആചരിക്കുക. ഒന്നും രണ്ടും തീയതികൾക്ക് മുമ്പുള്ള ഞായറാഴ്ചയാണ് പ്രസിദ്ധമായ പരുമല പെരുന്നാൾ കൊടിയേറ്റം.

ഉച്ചകഴിഞ്ഞ് 2 മണിക്ക് പ്രത്യേകം തയ്യാറാക്കിയ മൂന്ന് പെരുന്നാൾ കൊടികൾ വിശുദ്ധ മദ്ബഹായിൽ സമർപ്പിച്ച് സഭാധ്യക്ഷനായ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി മറ്റു മെത്രാപ്പോലീത്തമാരുടെ സഹകാർമികത്വത്തിൽ പ്രത്യേക പ്രാർത്ഥന ചൊല്ലി പരിശുദ്ധാത്മാവാഹ്വാനത്തിനുള്ള ഗാനവും പാടി ആഘോഷമായി പ്രദക്ഷിണമാരംഭിച്ച് പരുമല ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഏറ്റവും പടിഞ്ഞാറെ ഭാഗത്തായി സ്ഥിതി ചെയ്യുന്ന കുരിശടിയുടെ സമീപം പണി കഴിപ്പിച്ചിട്ടുള്ള കൊടിമരച്ചുവട്ടിലേക്ക് അത്യുച്ചത്തിൽ പാടുന്ന ഗാനങ്ങളുടെ അകമ്പടിയോടുകൂടി ആയിരക്കണക്കിന് ഭക്തർ പ്രാർത്ഥനയോടെ നീങ്ങുന്നു. അസാധാരണമായ ഒരു ആത്മീക പരിവേഷം പരുമലയിൽ മുഴുവൻ നമുക്ക് ആ സന്ദർഭത്തിൽ അനുഭവവേദ്യമാകും. പരുമലയ്ക്ക് സമീപമുള്ള ഇടവകകളിൽ നിന്നും ദൂരദേശങ്ങളിൽ നിന്നും ജാതി-മത ഭേദമെന്യേ ആയിരക്കണക്കിന് ഭക്തർ കൊടിയേറ്റു ചടങ്ങുകളിൽ പങ്കെടുത്ത് അനുഗ്രഹപ്രാപ്തിക്കായി എത്തിച്ചേരും. ഏറ്റവും അവസാനമായി പരിശുദ്ധ കാതോലിക്കാ ബാവായും വൈദികരും കൊടിമരച്ചുവട്ടിലേക്ക് യാത്ര ചെയ്യും. പ്രാർത്ഥനകൾ ചൊല്ലി കൊടി ഉയർത്തുമ്പോൾ വൈദികരും വിശ്വാസികളും കരങ്ങളിൽ കരുതിയിരിക്കുന്ന വെറ്റിലത്തളിരുകൾ ആകാശത്തേക്ക് കൊടിമരാഗ്രം ലക്ഷ്യമാക്കി എറിയുന്നു. ആയിരക്കണക്കിന് വെറ്റിലത്തളിരിലകൾ ആകാശത്ത് പാറിപ്പറന്ന് വൈദികരുടെയും വിശ്വാസികളുടെയും ശിരസ്സിലേക്ക് പറന്ന് ഒഴുകി ഇറങ്ങുമ്പോൾ ഒപ്പം 'പരിശുദ്ധ പരുമലത്തിരുമേനി! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്ന അപേക്ഷ ഒരു സന്താപക്കരച്ചിലായി, സംഗീതമായി ഒരു വലിയ മുഴക്കമായി ശക്തി പ്രാപിക്കുന്നു. വിശ്വാസികൾ പലരും ആത്മവിവശരാകുന്നു; ചിലർ പൊട്ടിക്കരയുന്നു, ചിലർ ഞരങ്ങുന്നു, മറ്റുചിലർ നെഞ്ചത്തടിക്കുന്നു... തങ്ങളിൽ ശക്തമായി വന്നിറങ്ങുന്ന വലിയ ആത്മീയ - വൈകാരികാവേശം നിയന്ത്രിക്കുവാൻ മനുഷ്യർ ബദ്ധപ്പെടുന്ന അനുഭവം കണ്ടുനിൽക്കുന്ന മറ്റു ഭക്തരിലേക്കും പടരുന്ന കാഴ്ച എഴുതി ഫലിപ്പിക്കുവാൻ പറ്റില്ല.

അവിടെനിന്നും പ്രദക്ഷിണം ദേവാലയമുറ്റത്ത് സ്ഥിതി ചെയ്യുന്ന കൊടിമരച്ചുവട്ടിലേക്കും അതിനുശേഷം ദേവാലയത്തിന്റെ കിഴക്ക് സ്ഥിതിചെയ്യുന്ന കൊടിമര ചുവട്ടിലേക്കും വൈദികരും ഭക്തജനങ്ങളും പ്രദക്ഷിണമായി സാവകാശം നീങ്ങും. ഈ സ്ഥലങ്ങളിലും കൊടി ഉയർത്തുമ്പോൾ വിശ്വാസികൾ ആത്മീയ ആവേശത്തിൽ വെറ്റില തളിർനാമ്പുകൾ മുകളിലേക്ക് എറിയുന്നു. ഇതാണ് പരുമലയിലെ പ്രസിദ്ധമായ വെറ്റിലയേറെന്ന ആചാരം.

പരുമല പെരുന്നാൾ കൊടിയേറ്റിന്റെ സവിശേഷമായ ഇലയേറിനെ സംബന്ധിച്ചാണ് ചുരുക്കമായിവിടെ പരാമർശിക്കുവാൻ ശ്രമിക്കുന്നത്. പരുമല പെരുന്നാൾ കൊടിയേറ്റിന് വെറ്റില ആചാരം ശക്തി പ്രാപിച്ചത് കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകൾക്കുള്ളിലാണ്. പരുമല പുണ്യാളന്റെ നാമത്തിൽ സ്ഥാപിതമായ ചില ദേവാലയങ്ങളിൽ സമീപകാലത്ത് വെറ്റിലയേറു ആചരിക്കുണ്ടെന്നു

കേൾക്കുന്നു.

ഈ ആചാരവുമായി ബന്ധപ്പെട്ട് പ്രചാരത്തിലിരിക്കുന്ന ചില കാര്യങ്ങൾ ആദ്യം പറയാം. ഒന്നാമതായി, പരിശുദ്ധ പരുമല തിരുമേനി കാലം ചെയ്യുന്നതിന് കാരണമായ രോഗത്തെ സംബന്ധിച്ചാണ് പറയുവാനുള്ളത്. തിരുമേനി കാലം ചെയ്യുവാൻ കാരണമായ രോഗം വസൂരിയാണ് എന്നൊരു പ്രചാരണം നിലവിലുണ്ട്. അതു വസ്തുതാപരമായി തെറ്റാണ്. വസൂരി എന്നാൽ സ്മോൾ പോക്സ് ആണ്. തിരുമേനിക്ക് വസൂരി ബാധിച്ചിട്ടുണ്ട് എന്നുള്ളത് സത്യമാണ്. അദ്ദേഹം കൗമാരക്കാരനായിരിക്കുമ്പോളാണ് വസൂരി ജീവനപടകരമാകുന്ന അവസ്ഥയിൽ ക്ലേശിപ്പിച്ചത്. എന്നാൽ മരണകാരണമായി തീർന്നത് വസൂരി അല്ല, മറിച്ച് അർശ്ശസും വയറ്റിലെ അൾസറുമാണ്.

1902 സെപ്റ്റംബർ മാസത്തിൽ പരുമല തിരുമേനിയ്ക്ക് സാധാരണ ഉണ്ടാകാറുള്ള അർശ്ശസ് രോഗം കഠിനമായി വർദ്ധിച്ചു. രോഗശമനത്തിനായി മരുന്നുകൾ സേവിച്ചു. തുടർന്ന് വയറുവേദന അസഹനീയമായി; കൂടാതെ കലശലായ അതിസാരവും ഉണ്ടായി. വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ, തിരുവല്ലയിൽ നിന്നും കൊച്ചു കോശി കത്തനാർ, മറ്റു ശിഷ്യന്മാരെല്ലാം വിവരം അറിഞ്ഞു പരുമല സെമിനാരിയിൽ ഓടിയെത്തി.

കബറടക്കം കഴിഞ്ഞ് 1902 നവംബറിൽ പ്രസിദ്ധീകരിച്ച 'ഇടവകപത്രിക'യിൽ പ്രസിദ്ധീകരിച്ച വാർത്തയിൽ രോഗത്തെപ്പറ്റി പരാമർശിക്കുന്നത് ഇങ്ങനെയാണ്; 'മുമ്പേ തന്നെ ഇദ്ദേഹം രോഗിയാണ്. സഭയാൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന എല്ലാ ഉപവാസങ്ങളും പ്രാർത്ഥനകളും അനുഷ്ഠിച്ചുകൊണ്ടിരുന്ന ആളായതിനാൽ കായബലം പണ്ടേ ഇല്ലായിരുന്നു. ആ സ്ഥിതിക്ക് അർശ്ശസിന്റെ ഉപദ്രവം വർദ്ധിച്ചു കൊണ്ടിരുന്നു. 1902 ഒക്ടോബർ മാസം മുഴുവൻ ചികിത്സാകാലം ആയിരുന്നു. പരുമല വിട്ടെങ്ങും പോയില്ല. കന്നിമാസം ആദ്യം ഉണ്ടായ സാമാന്യമല്ലാത്ത ഈ ഉപദ്രവത്തിന്റെ ശമനത്തിനു വേണ്ടി പ്രത്യേകം ഔഷധം സേവിച്ചു. വയറിളക്കത്തിന് ശേഷം കഠിനമായ ചില സംഭ്രമങ്ങളും വേദനകളും ആരംഭിച്ചത് നിർത്താൻ വേണ്ടി ചില തൽക്കാല ഔഷധങ്ങൾ സേവിച്ചതിനാൽ യാതൊരു പ്രയോജനവും കാണായ്കയാൽ അപ്പോത്തിക്കരിയെ വരുത്തി. മുറയ്ക്ക് തന്നെ ചികിത്സ നടത്തിയിട്ടും രോഗം വർദ്ധിച്ചുകൊണ്ടിരുന്നു. ആളുകൾ ഇവയെ ശുഭലക്ഷണം ആയി എടുക്കുകയും ചെയ്തതിനാൽ സുഖം എന്നുള്ള ശബ്ദം അധികമായി പ്രസ്താവിച്ചുകൊണ്ടിരുന്നു. ഇംഗ്ലീഷ് വൈദ്യത്തിലും നാട്ടുവൈദ്യത്തിലും പ്രസിദ്ധരായ വൈദ്യന്മാരുടെ സകല പരിശ്രമങ്ങളും നിഷ്ഫലമായി എന്ന് മാത്രം പറഞ്ഞാൽ മതിയാകും. പരിഹരിക്കുവാൻ കഴിയാതെ നിന്നത് ക്ഷീണമായിരുന്നു. അല്പമായി ചെല്ലുന്ന ഭോജന സാധന

ങ്ങളെ ദഹിപ്പിക്കുവാൻ ശക്തിയും ഇല്ലാതെ പോയി' (ഇടവകപത്രിക പുസ്തകം 11-1902 തുലാം).

രോഗാരംഭത്തിൽ തന്നെ സൗഖ്യദാനത്തിനായുള്ള ശുശ്രൂഷ നടത്തുകയും മരണദിവസം കാലത്ത് അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം കന്തീല ശുശ്രൂഷ നടത്തുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്തു. മരണത്തിന് അല്പം മുമ്പ് വരെയും നല്ല ബോധം ഉണ്ടായിരുന്നു. സെമിനാരിയുടെ താഴത്തെ നിലയിൽ വടക്കേ അറ്റത്തുള്ള മുറിയിലാണ് തിരുമേനിയെ കിടത്തിയിരുന്നത്. കട്ടിൽ, ഒരു പുൽപ്പായ, ഒരു മെത്തപ്പായ, അതിനുമുകളിൽ ഒരു മാന്തോൽ, ഒരു തലയണ; ഇത്രയുമായിരുന്നു ശയനോപകരണങ്ങൾ. ഇത്രയും വിസ്തരിച്ച് കുറിക്കുവാൻ കാരണം തിരുമേനിയുടെ മരണ കാരണമായ രോഗം വസൂരിയല്ല എന്ന് വ്യക്തമാക്കുന്നതിനും തെറ്റിദ്ധാരണ മാറ്റുന്നതിനും ആണ്.

വെറ്റില ദഹന സംരക്ഷണം, വേദനസംഹാരം, ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം, ചർമ്മ സംരക്ഷണം, മാനസിക സമ്മർദ്ദം കുറയ്ക്കൽ, ശരീരഭാരം കുറയ്ക്കൽ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കൽ തുടങ്ങിയ നിരവധി ഔഷധഗുണങ്ങൾ ഉണ്ടെന്നാണ് പറയുന്നത്. പാരമ്പര്യ ചികിത്സയിൽ വെറ്റില വേദനസംഹാരിയായി ഉപയോഗിച്ചിരുന്നു. മുറിവിൽ വെറ്റില നീര് പുരട്ടുന്നത് വേദന കുറയ്ക്കുവാനും മുറിവുകൾ ഉണങ്ങുന്നതിനും സഹായിക്കുന്നതായി വിശദീകരിക്കുന്നുണ്ട്. വെറ്റിലയിലെ ആൻറി ഇൻഫ്ളമേറ്ററി, ആൻറി മൈക്രോബിയൽ ഗുണങ്ങൾ കാരണം ചർമ്മ പ്രശ്നങ്ങൾക്ക് പരിഹാരമായും പരമ്പരാഗതമായി ഉപയോഗിച്ച് വരുന്നു. മാത്രമല്ല, ചർമ്മത്തിലെ അണുബാധകൾ മാറ്റുവാനും ആധുനിക വൈദ്യ ശാസ്ത്രം വികസിക്കുന്നതിന് മുമ്പ് വെറ്റില ഉപയോഗിച്ചിരുന്നു. വെറ്റില അരച്ച് കുഴമ്പ് രൂപത്തിൽ ആക്കി മുറിവും വേദനയും ഉള്ള ഭാഗത്ത് തേച്ച് രോഗ ശമനത്തിനായി ഉപയോഗിച്ചിരുന്നു.

പരുമല തിരുമേനിയുടെ രോഗശമനത്തിനായി വെറ്റില ഉപയോഗിച്ചിരുന്നത് വാമൊഴിയായി പ്രചരിച്ചതാകാം പെരുന്നാൾ ദിവസം വെറ്റിലയേറിന് പ്രാധാന്യം ലഭിക്കുവാൻ കാരണം. എന്നാൽ, ചരിത്രപരമായി തിരുമേനിയുടെ ജീവ ചരിത്രത്തിൽ ഇതിന് രേഖയുടെ പിൻബലം ഇല്ലായെന്നത് ഒരു സത്യമാണ് താനും.

ഇനിയും ആചാരത്തിലേക്ക് വരാം. മലങ്കര നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങളിൽ ധാരാളമായി തദ്ദേശീയമായ സംഗതികൾ സ്വാധീനിച്ചിട്ടുണ്ട് എന്നത് ഒരു ചരിത്ര വസ്തുതയാണ്. അത് വലിയ തെറ്റായി പരിഗണിക്കേണ്ടതിന്റെ ആവശ്യമില്ല; പരിഹസിക്കേണ്ടതിന്റെ ആവശ്യവും ഇല്ല. ക്രൈസ്തവ സഭകൾ വളർന്ന സ്ഥലങ്ങളിൽ എല്ലാം പ്രാദേശിക സംസ്കാരവുമായി ചേർന്ന് പോകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. വെറ്റിലയ്ക്കും അത്തരത്തിലൊരു ആത്മീയ - സാംസ്കാരിക സ്വാധീനം പറയുവാനുണ്ട്.

ഇപ്പോൾ പരുമലയിൽ ശക്തി പ്രാപിച്ചിരിക്കുന്ന വെറ്റിലയേറിന്റെ ആത്മീയ - സാംസ്കാരിക പശ്ചാത്തലം ചുരുക്കമായി പറയാം. ഭാരതീയ മത- സാംസ്കാരിക പശ്ചാത്തലത്തിൽ വെറ്റിലയ്ക്ക് സുപ്രധാന സ്ഥാനമുണ്ട്. ഒരു ഉത്തരേന്ത്യൻ നാടൻപാട്ടിൽ ഹിമാലയമാണ് വെറ്റിലയുടെ ഉത്ഭവം എന്ന് പാടുന്നുണ്ട്. പ്രപഞ്ച സൃഷ്ടാവായ ദൈവം തന്നെ ഹിമാലയത്തിൽ പാകി വളർത്തിയ സസ്യമാണ് വെറ്റില എന്നതാണ് ഭാരതീയ വിശ്വാസം. എല്ലാ മംഗള കർമ്മങ്ങളിലും വെറ്റില ഒഴിവാക്കാനാകാത്ത ഒരു വിഭവമാണ്. വിദ്യാരംഭം കുറിക്കുവാനും വിവാഹ കർമ്മങ്ങളിലും മറ്റ് ശുഭമുഹൂർത്തങ്ങളിലും വെറ്റില മുഖ്യ വസ്തുവാണ്.

ആത്മീയതയിൽ വെറ്റില നൽകുന്ന പ്രതീകാത്മക അർഥങ്ങളിൽ ചിലതു കൂടെ പറഞ്ഞു ഈ കുറിപ്പ് അവസാനിപ്പിക്കാം.

1. വെറ്റില വിശുദ്ധിയും മംഗളവും സൂചിപ്പിക്കുന്നു

ഭാരതത്തിൻറെ ആത്മീയ ചുറ്റുപാടിൽ എല്ലാ പ്രാർത്ഥനകളും ആരാധനകളും ആരംഭിക്കുന്നത് വെറ്റിലയുടെ ഉപയോഗത്തോടും സമർപ്പണത്തോടും കൂടിയാണ്. വെറ്റിലയില്ലാതെ മതപരമായ ചടങ്ങുകൾ പൂർണമാകുന്നില്ല. പെരുന്നാളിന്റെ കൊടിയേറ്റു സമയത്ത് വെറ്റില സമർപ്പിക്കുന്നതിലൂടെ പെരുന്നാൾ ആരംഭം വിശുദ്ധവും ദൈവാനുകൂലമായും തീരുന്നതിനുള്ള ഭക്തന്റെ ആഗ്രഹമാണ് തളിരില എറിയുന്നതിലൂടെ പ്രകടിപ്പിക്കുന്നത്. ഹോശാന്നപ്പെരുന്നാളിൽ നാം കുരുത്തോല ആരാധനയിൽ ഉപയോഗിക്കുന്നു

ജീവിതത്തിൽ അറിഞ്ഞും അറിയാതെയും ധാരാളം ആചാരാനുഷ്ഠാനങ്ങൾ നടത്തുവാൻ നമ്മൾ കടപ്പെട്ടവരാകുന്നു. അവയെ ഭക്തർ പ്രപഞ്ചസൃഷ്ടാവായ ദൈവത്തെ ആരാധനയാലും പ്രാർത്ഥനയാലും ശക്തിപ്പെടുന്നതിനുള്ള ഉപാധിയായി വേണം പരിഗണിക്കുവാൻ. ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ചുള്ള ആത്മീക ജീവിതം ക്രമേണ ആത്മീയ ജീവിതത്തെ മന്ദീഭവിപ്പിക്കുകയോ ജീവൻ നഷ്ടപ്പെട്ട ശരീരം പോലെയാക്കി തീർക്കുകയോ ചെയ്യും. ഏത് ആചാരാനുഷ്ഠാനവും ആത്മീക ജീവിതത്തെ പരിപുഷ്ടിപ്പെടുത്തുന്നുണ്ടോ എന്ന് വിചിന്തനം നടത്തുവാൻ അവരവരുടെ വിവേചനാധികാരയുപയോഗം സഹായകമാകണം. അപ്പോഴാണ് വിശ്വാസ ജീവിതത്തിൽ സന്തുലിതാവസ്ഥ പാലിക്കുവാൻ കഴിയുക.

ണ്ടല്ലോ. ആരാധകന്റെ ജീവിതം കുരുത്തോല പോലെ ശുദ്ധവും നിർമ്മലവും ആകണമെന്നതും അത് ദൈവത്തിന് പ്രീതികരമാകണം എന്നതുമായ ആത്മീയ പാഠം നാം തിരിച്ചറിയുകയാണ്.

2. സർവ്വശക്തനായ ദൈവത്തിനുള്ള സമർപ്പണ പ്രതീകമായി മാറുന്നു

ആത്മീയമണ്ഡലത്തിൽ കൊടിയേറ്റ് കർമ്മം ദൈവത്തോട് ഭക്തർ ഒരു സമൂഹമായി പെരുന്നാൾ അപേക്ഷ നടത്തുന്നതിന്റെ പ്രതീകമായി മാറുന്നു. പെരുന്നാൾ അലങ്കാരങ്ങളായ വെറ്റിലയും കുരുത്തോലയും പുഷ്പങ്ങളും മറ്റ് പ്രകൃതിദത്തമായ അലങ്കാരങ്ങളും ഭക്തരുടെ ദൈവസന്നിധിയിലുള്ള സമർപ്പണമായി പരിഗണിക്കാം.

3. മംഗള ചിഹ്നമായി മാറുന്നു

ഭാരതീയ സാംസ്കാരിക ചുറ്റുപാടിൽ അഞ്ചു വസ്തുക്കൾ പഞ്ചമംഗല ദ്രവ്യങ്ങളായി (five auspicious items) കണക്കാക്കപ്പെടുന്നു. വെറ്റില, അരി, പൂവ്, തേങ്ങ, വിളക്ക് മുതലായവയാണവ. മംഗലദ്രവ്യങ്ങൾ ഉപയോഗിക്കുക വഴി പെരുന്നാൾ ചടങ്ങുകൾക്ക് ദൈവാനുഗ്രഹം ലഭിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഇവയെല്ലാം മലങ്കര നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങളിൽ നൂറ്റാണ്ടുകളായി പ്രകടമായി കാണുന്നവയാണ്.

4. വെറ്റിലയ്ക്ക് പ്രാണവായു വർദ്ധിപ്പിക്കുന്നതിനുള്ള ശക്തി ഉണ്ട്

ആചാരാനുഷ്ഠാനങ്ങളിൽ തളിർവെറ്റില ഉപയോഗിക്കുക വഴി പെരുന്നാൾ നടക്കുന്ന ചുറ്റുപാടിൽ പ്രാണവായു ശുദ്ധീകരണവും ഒപ്പം പ്രപഞ്ചശക്തീകരണവും നടക്കുന്നു. അങ്ങനെ പെരുന്നാൾ കൂടുതൽ ശക്തിയുള്ളതായി മാറുന്നു എന്നതാണ് വിശ്വാസം.

ജീവിതത്തിൽ അറിഞ്ഞും അറിയാതെയും ധാരാളം ആചാരാനുഷ്ഠാനങ്ങൾ നടത്തുവാൻ നമ്മൾ കടപ്പെട്ടവരാകുന്നു. അവയെ ഭക്തർ പ്രപഞ്ചസൃഷ്ടാവായ ദൈവത്തെ ആരാധനയാലും പ്രാർത്ഥനയാലും ശക്തിപ്പെടുന്നതിനുള്ള ഉപാധിയായി വേണം പരിഗണിക്കുവാൻ. ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ചുള്ള ആത്മീക ജീവിതം ക്രമേണ ആത്മീയ ജീവിതത്തെ മന്ദീഭവിപ്പിക്കുകയോ ജീവൻ നഷ്ടപ്പെട്ട ശരീരം പോലെയാക്കി തീർക്കുകയോ ചെയ്യും. ഏത് ആചാരാനുഷ്ഠാനവും ആത്മീക ജീവിതത്തെ പരിപുഷ്ടിപ്പെടുത്തുന്നുണ്ടോ എന്ന് വിചിന്തനം നടത്തുവാൻ അവരവരുടെ വിവേചനാധികാരയുപയോഗം സഹായകമാകണം. അപ്പോഴാണ് വിശ്വാസ ജീവിതത്തിൽ സന്തുലിതാവസ്ഥ പാലിക്കുവാൻ കഴിയുക.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പരുമല കൊടിയേറ്റും വെറ്റിലയേറും:

ചരിത്രത്തിന് നിരക്കാത്ത കഥകൾ മെനയുന്നത് ശരിയല്ല

എബ്രഹാം ഉമ്മൻ, ബാംഗ്ലൂർ

പരിശുദ്ധ പരുമല തിരുമേനിയുടെ ചരമദിനമായ നവംബർ രണ്ടിനാണല്ലോ അദ്ദേഹത്തിന്റെ ഓർമ്മ കബറിടമായ പരുമലയിലും സഭ ഒട്ടാകെയും ആചരിക്കുന്നത്. പരമ്പരാഗതമായി പരുമല പള്ളിയിൽ പെരുന്നാളിന് ഒരാഴ്ച മുൻപ് കൃത്യം 2 മണിക്കാണ് കൊടിയേറ്റ് നടത്താറുള്ളത്. പെരുന്നാളിന്റെ അവസാന ചടങ്ങായ പകൽ റാസയും 2 മണിക്ക് തന്നെ നടത്തും. പരിശുദ്ധന്റെ കബറടക്ക സമയത്തെ അനുസ്മരിക്കാനാണ് അത് നടന്ന സമയത്ത് തന്നെ പെരുന്നാളിന്റെ തുടക്കവും ഒടുക്കവും നടത്തുന്നത്.

ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനായി അറിയപ്പെട്ട വ്യക്തിയായിരുന്നു പരുമല തിരുമേനി. അദ്ദേഹത്തിന്റെ കബറിടത്തിൽ ആദ്യം മുതൽ തന്നെ ആളുകൾ അനുഗ്രഹത്തിനായി എത്താറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒന്നാം ഓർമ്മ ദിനം മുതൽ തന്നെ പരിശുദ്ധന്റെ അന്ത്യാഭിലാഷമായിരുന്ന എം.ജി.എം. സ്കൂളിൽ നിന്ന് വിദ്യാർഥികൾ പദയാത്രയായി വന്നിരുന്നതായി പഴയ പത്ര റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ പരുമല ഒരു ദ്വീപ് ആയിരുന്നതിനാൽ അങ്ങോട്ടുള്ള യാത്രാസൗകര്യം വളരെ കുറവായിരുന്നു. അതിനാൽ ആദ്യകാലത്ത് ഇന്ന് കാണുന്നത് പോലെയുള്ള വലിയ ജനക്കൂട്ടത്തിന് പരുമല പെരുന്നാളിന് വരാൻ സാധിച്ചിരുന്നില്ല. കാലക്രമേണ പുളിക്കീഴ്, പന്നായി, പരുമല പാലങ്ങൾ വരികയും കൂടുതൽ ജനം പെരുന്നാളിന് സംബന്ധിക്കാൻ അത് ഇടയാക്കുകയും ചെയ്തു.

അപ്പോഴും പെരുന്നാളിന് കൊടിയേറുന്നത് ഒരു ചെറിയ ചടങ്ങായിരുന്നു. വളരെ ചെറുപ്പം മുതൽ അതിൽ പങ്കുകൊണ്ട വ്യക്തിയെന്ന നിലയ്ക്ക് പറയാൻ സാധിക്കും. ഇടവകജനത്തിന് പുറമെ സെമിനാരിയിൽ ഉള്ളവർ, അഞ്ചോ ആറോ വൈദികർ, ഏതാനും അടുത്ത പ്രദേശങ്ങളിൽ നിന്നുള്ളവർ – ഇത്ര മാത്രം ആളുകൾ മാത്രമേ തൊണ്ണൂറുകൾ വരെ പരുമലയിലെ കൊടിയേറ്റ് കാണാൻ ഉണ്ടായിരുന്നുള്ളു. പമ്പാ കോളജിന് സമീപമുള്ള കുരിശടിയോട് ചേർന്ന കൊടിമരത്തിൽ ഇടവക മെത്രാപ്പൊലീത്താ കൊടി കയറ്റും. ചിലർ തങ്ങൾ കൊണ്ടുവരുന്ന വെറ്റില ആ സമയത്ത് എറിയും. പിന്നീട് പെരുന്നാൾ കഴിയുന്നതുവരെ ഇടവക മെത്രാപ്പൊലീത്താ സെമിനാരിയിൽ തങ്ങും. കൊടിയേറ്റിനുശേഷം പെരുന്നാൾ കാര്യങ്ങൾ ആലോചിക്കാൻ അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ഇടവക പൊതുയോഗവും നടത്തുന്ന പതിവ് ഉണ്ടായിരുന്നു. അവിടെ വരുന്ന പ്രായമായ ആളുകൾക്ക് മുറുക്കാൻ ഒരു കുട്ട വെറ്റില എടുത്തു വയ്ക്കുന്ന രീതിയും ഉണ്ടായിരുന്നു.

വെറ്റില കഥ

കൊടി കയറ്റുന്ന സമയത്ത് ചുറ്റുമുള്ള ആളുകൾ വെറ്റില എറിയുന്ന പതിവ് വർഷങ്ങളായി കണ്ടിട്ടുണ്ട്. ഇത് ഒരു പ്രാദേശിക ആചാരമാണ് എന്നാണ് മനസ്സിലാക്കുന്നത്. സമീപത്തുള്ള എടത്വാ കത്തോലിക്ക പള്ളിയിലും ഇതേ ആചാരം കാണാം. ചില അമ്പലങ്ങളിലും വെറ്റില എറിയുന്ന രീതി ഉള്ളതായി കേട്ടിട്ടുണ്ട്. എന്നാൽ മൂന്നാല് വർഷം മുൻപ് പരുമല പള്ളിയിലെ വെള്ളിയാഴ്ച ധ്യാനപ്രസംഗം നടത്തവേ ഒരു യുവവൈദികൻ പരുമല തിരുമേനി അവസാന കാലത്ത് വസൂരി വന്നു കിടപ്പിലായി എന്നും ഏതോ ബ്രാഹ്മണൻ പറഞ്ഞത് അനുസരിച്ച് വെറ്റില കിടക്കയിലിട്ട് കിടന്നതുകൊണ്ട് സൗഖ്യം പ്രാപിച്ചെന്നും അതിനെ അനുസ്മരിച്ചാണ് ഈ ചടങ്ങ് പരുമലയിൽ ഉണ്ടായതെന്നും പ്രസംഗിച്ചു. പിന്നീട് തിരുമേനി എങ്ങനെ കാലം ചെയ്തു എന്ന് പോലും പ്രാസംഗികൻ ചിന്തിച്ചില്ല. കേട്ട പാതി സോഷ്യൽ മീഡിയ അത് ഏറ്റെടുത്തു. പറഞ്ഞ കഥയിലെ പൊരുത്തക്കേടുകൾ ശ്രദ്ധിക്കാതെ അൽമായരും വൈദികരും ഇതിനു പ്രചാരം കൊടുത്തു. സംഗതിയുടെ മാർക്കറ്റ് വാല്യൂ കണ്ടിട്ടാണോ എന്തോ നേതൃത്വം ഇതിനു തടയിടാൻ നോക്കിയില്ല എന്ന് മാത്രമല്ല, ഒരു ടിവി ചാനലിൽ പരുമല സെമിനാരി മാനേജർ തന്നെ ഈ കഥ പറഞ്ഞതോടെ കഥ ആധികാരികമായി.

പരുമല തിരുമേനിക്ക് വസൂരി വന്നു എന്നത് നേരാണ്. പക്ഷേ അദ്ദേഹത്തിനു പന്ത്രണ്ട് വയസ്സുള്ളപ്പോളാണ് എന്ന് മാത്രം. അസുഖം വന്നു കിടപ്പിലായ തന്റെ മാതുലനെ ശുശ്രൂഷിക്കുന്ന സമയത്താണ് ഗീവർഗീസ് ശെമ്മാശനും വസൂരി പിടിപെട്ടത്. അദ്ദേഹത്തിന്റെ മൂത്ത സഹോദരിയുടെ കരുതൽ കൊണ്ട് വിടുതൽ പ്രാപിക്കുകയും ചെയ്തു. വർഷങ്ങൾക്ക് ശേഷം അദ്ദേഹം മേൽപ്പട്ടക്കാരൻ ആയിരുന്നപ്പോൾ കടുത്ത നോമ്പും ഉപവാസവും ജീവിതത്തിന്റെ ഭാഗമാക്കി. അതുമൂലം ഉദരസംബന്ധ രോഗങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു. വയസ്കര മൂസ് ഉൾപ്പെടെ ചികിത്സിച്ചു. അസുഖം കുറയാൻ പാൽ ഉപയോഗിക്കണം എന്ന് വൈദ്യൻ ഉപദേശിച്ചെങ്കിലും നോമ്പിൽ അണുവിട വിട്ടുവീഴ്ച ചെയ്യാൻ പരിശുദ്ധൻ സമ്മതിച്ചില്ല. മരണത്തിന് രണ്ട് മാസം മുൻപ് പൈൽസ് വളരെ മൂർച്ഛിച്ച് അദ്ദേഹം കിടപ്പിലായി. മലങ്കര മെത്രാപ്പൊലീത്ത ഉൾപ്പെടെ അദ്ദേഹത്തെ സ്ഥിരമായി സന്ദർശിക്കുകയും വേണ്ട സൗകര്യങ്ങൾക്ക് ഏർപ്പാട് ചെയ്യുകയും ചെയ്തെങ്കിലും മാർ ഗ്രീഗോറിയോസ് തന്റെ അൻപത്തിനാലാം വയസ്സിൽ കാലം ചെയ്തു. വസൂരി വന്നല്ല പരുമല തിരുമേനി കാലം ചെയ്തതെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. പരുമല തിരുമേനിയുടെ രോഗത്തെയും മരണത്തെയുംകുറിച്ച് രണ്ടാം കാതോലിക്കാ പ. ഗീവർഗീസ് പ്രഥമന്റെ ഡയറിക്കുറിപ്പിലും മലയാള മനോരമ, മലങ്കര ഇടവകപത്രിക എന്നിവയുടെ നീണ്ട റിപ്പോർട്ടുകളിലും വ്യക്തമായ വിവരങ്ങൾ ലഭ്യമാണ്.

പരുമലയിലോ അടുത്ത പ്രദേശങ്ങളിലോ ഉള്ള വെറ്റില കൃഷിക്കാർ ഒരു വർഷം കൃഷിനാശം മൂലം സാമ്പത്തികഞെരുക്കത്തിലായപ്പോൾ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത യാചിക്കുകയും രോഗം മൂലം ഉണ്ടായ കൃഷിനാശം പാടേ മാറുകയും ചെയ്തതിന്റെ നന്ദിക്കായി അവർ പെരുന്നാളിൽ വെറ്റില സമർപ്പിച്ചു തുടങ്ങിയതാണെന്ന സഭാചരിത്രകാരനായ ഡോ. എം. കുര്യൻ തോമസിന്റെ വിലയിരുത്തൽ ഒരു പക്ഷേ ശരിയായിരിക്കാൻ സാധ്യതയുള്ളതാണ്.

വെറ്റില എറിയുന്നത് ഒരു നേർച്ച പോലെ ഇന്ന് ആളുകൾ ചെയ്യുന്നു എന്നത് ഒരു തെറ്റായി ഞാൻ കരുതുന്നില്ല. പക്ഷേ അതിന് ബലം കൊടുക്കാൻ ചരിത്രത്തിന് നിരക്കാത്ത കഥകൾ മെനയുന്നത് ശരിയല്ല. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

നയമാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിൽ ഉല്പത്തി 4:22-ൽ ചുരുക്കമായി പരാമർശിച്ചിരിക്കുന്ന ഒരു സ്ത്രീയാണ് നയമാ, അതിൽ പറയുന്നു, "സില്ല തൂബൽ-കയീനെ പ്രസവിച്ചു, അവൻ വെങ്കലവും ഇരുമ്പും കൊണ്ട് എല്ലാത്തരം ഉപകരണങ്ങളും നിർമ്മിച്ചു. തൂബൽ-കയീന്റെ സഹോദരി നയമാ ആയിരുന്നു."

ഒരു വാക്യത്തിൽ മാത്രമേ അവളുടെ പേര് പ്രത്യക്ഷപ്പെടുന്നുള്ളൂവെങ്കിലും, അതിന് വലിയ അർത്ഥമുണ്ട്. സില്ലയുടെ മകളും തൂബൽ-കയീന്റെ സഹോദരിയുമായിരുന്നു നയമാ. ഭൂമിയിലെ ആദ്യകാല കുടുംബങ്ങളിൽ ഒന്നായ കയീന്റെ വംശപരമ്പരയിൽ പെട്ടവളായിരുന്നു അവൾ. അവളുടെ പേരിന്റെ അർത്ഥം 'സുന്ദരി' എന്നാണ്.

ആളുകൾ ആദ്യമായി നഗരങ്ങൾ പണിയുകയും സംഗീതം വികസിപ്പിക്കുകയും മൃഗങ്ങളെ വളർത്തുകയും ഉപകരണങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്ന കാലത്താണ് നയമാ ജീവിച്ചിരുന്നത്. വളർച്ചയുടെയും സർഗ്ഗാത്മകതയുടെയും ഒരു കാലഘട്ടമായിരുന്നു ഇത്, എന്നാൽ ലോകത്ത് പാപവും അക്രമവും പടർന്നുപിടിച്ച ഒരു കാലഘട്ടം കൂടിയായിരുന്നു ഇത്. ദുഷ്കരമോ പാപകരമോ ആയ സമയങ്ങളിൽ പോലും, നന്മയും സൗന്ദര്യവും നിലനിൽക്കുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

നയമായുടെ ജീവിതത്തെക്കുറിച്ച് ബൈബിൾ കൂടുതലൊന്നും പറയുന്നില്ലെങ്കിലും, അവളേക്കുറിച്ചുള്ള ചെറിയ പരാമർശം നമ്മെ ഓർമ്മിപ്പിക്കുന്നത്, എല്ലാവരും ദൈവത്തിന്റെ പദ്ധതിയിൽ പ്രധാനപ്പെട്ടവരാണെന്നാണ്. ബൈബിളിലെ ഒരു ചെറിയ വാചകം പോലും ഒരു വ്യക്തിയുടെ നല്ല സ്വഭാവത്തെയും ദൈവത്തിലുള്ള ശക്തമായ വിശ്വാസത്തെയും കുറിച്ച് പ്രധാനപ്പെട്ട എന്തെങ്കിലും നമ്മെ പഠിപ്പിക്കും. ബൈബിളിലെ ചെറിയ ഭാഗങ്ങളിൽ നിന്ന് പോലും നമുക്ക് വലിയ പാഠങ്ങൾ പഠിക്കാൻ കഴിയും.

ചുറ്റുമുള്ള ലോകം ഇരുണ്ടുപോകുമ്പോഴും, സ്ത്രീകളുടെ ശാന്തമായ ശക്തിയും സന്തോഷകരമായ മനോഭാവവും ദൈവം വിലമതിക്കുന്നുവെന്ന് അവളുടെ ജീവിതത്തിലൂടെ നമുക്ക് കാണാൻ കഴിയും.

1. നയമായുടെ പശ്ചാത്തലവും കുടുംബവും

ആദാമിനും ഹവ്വായ്ക്കും ശേഷമുള്ള ഒരു ആദ്യകാല തലമുറയിൽ നിന്നാണ് നയമാ വന്നത്. അവളുടെ പിതാവ് കയീന്റെ പിൻഗാമിയായ ലാമെക്ക് ആയിരുന്നു, അമ്മ സില്ലാ ആയിരുന്നു. ലാമെക്കിന് രണ്ട് ഭാര്യമാരുണ്ടായിരുന്നു - ആദയും സില്ലായും. ബൈബിളിൽ ബഹുഭാര്യത്വം ആചരിച്ച ആദ്യ കുടുംബങ്ങളിൽ ഒന്നാണിത്. ആദ്യകാല മനുഷ്യ നാഗരികതയുടെ പല ഭാഗങ്ങളും വികസിപ്പിച്ചെടുത്തതിന് അവർ പേരുകേട്ടവരായിരുന്നു.

നയമായുടെ സഹോദരന്മാർ കഴിവുള്ള പുരുഷന്മാരായിരുന്നു. അവളുടെ അർദ്ധസഹോദരൻ യാബാൽ കൂടാരങ്ങളിൽ താമസിച്ച് കന്നുകാലികളെ വളർത്തുന്നവരുടെ പിതാവായി അറിയപ്പെട്ടു, അതായത് കൃഷിയും മേച്ചിൽപ്പുറവും എന്ന ആശയം വികസിപ്പിക്കാൻ അദ്ദേഹം സഹായിച്ചു. മറ്റൊരു അർദ്ധസഹോദരനായ യൂബാൽ, വീണയും ഓടക്കുഴലും വായിക്കുന്ന എല്ലാവരുടെയും പിതാവായി, സംഗീതം അവരുടെ കാലഘട്ടത്തിൽ ജനിച്ചതാണെന്ന് കാണിച്ചു. അവളുടെ പൂർണ്ണ സഹോദരൻ തൂബൽ-കയീൻ വെങ്കലവും ഇരുമ്പും ഉപയോഗിച്ച് ജോലി ചെയ്തു, ആദ്യത്തെ ലോഹപ്പണിക്കാരനായി. ഇതിനർത്ഥം നയമാ സർഗ്ഗാത്മകതയും വൈദഗ്ധ്യവും നിറഞ്ഞ ഒരു കുടുംബത്തിലാണ് വളർന്നത് എന്നാണ്.

നയമായെ ചുറ്റിപ്പറ്റിയുള്ള ലോകം വളരെ വേഗത്തിൽ മാറിക്കൊണ്ടിരുന്നു. ആളുകൾ ബുദ്ധിമാന്മാരായിക്കൊണ്ടിരുന്നു - അവർ വസ്തുക്കൾ എങ്ങനെ നിർമ്മിക്കാമെന്നും പുതിയ ഉപകരണങ്ങൾ നിർമ്മിക്കാമെന്നും കല സൃഷ്ടിക്കാമെന്നും പഠിച്ചു. എന്നാൽ അതേ സമയം, പലരും അഭിമാനികളും പാപികളുമായിത്തീർന്നു. അവളുടെ പിതാവ് ലാമെക്ക് ഒരാളെ കൊല്ലുന്നതിനെക്കുറിച്ച് വീമ്പിളക്കി (ഉല്പത്തി 4:23-24). നയമായുടെ കുടുംബം അക്കാലത്തെ പുരോഗതിയും ധാർമ്മിക അധഃപതനവും പ്രതിഫലിപ്പിച്ചുവെന്ന് ഇത് കാണിക്കുന്നു - ആളുകൾ കഴിവുള്ളവരും പുരോഗമിച്ചവരുമായിരുന്നു, പക്ഷേ അവരുടെ ഹൃദയങ്ങൾ ദൈവത്തിൽ നിന്ന് അകന്നുപോകുകയായിരുന്നു. ലളിതമായി പറഞ്ഞാൽ, ഉല്പത്തി 4:2324-ൽ ലാമെക്ക് തന്റെ ഭാര്യമാരോടുള്ള വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു: "ആദയും സില്ലയും ആയുള്ളോരേ എന്റെ വാക്കു കേൾപ്പിൻ; ലാമെക്കിന്റെ ഭാര്യമാരെ, എന്റെ വചനത്തിന് ചെവി തരുവിൻ. എന്റെ മുറിവിന് പകരം ഞാൻ ഒരു പുരുഷനേയും എന്റെ പരിക്കിനു പകരം ഒരു യുവാവിനേയും കൊല്ലും. കയീന്നു വേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമേക്കിനു വേണ്ടി എഴുപത്തേഴിരട്ടി പകരം ചെയ്യും."

"വാളിന്റെ ഗീതം" എന്ന് പലപ്പോഴും വിളിക്കപ്പെടുന്ന ഈ കവിത, ലാമെക്കിന്റെ അഹങ്കാരത്തെയും അക്രമത്തെയും വെളിപ്പെടുത്തുന്നു. രഹസ്യമായി ഹാബെലിനെ കൊലപ്പെടുത്തി ലജ്ജ തോന്നിയ കയീനിൽ നിന്ന് വ്യത്യസ്തമായി (ഉല്പത്തി 4:814), കൊലപാതകത്തെക്കുറിച്ച് ലാമെക്ക് പരസ്യമായി വീമ്പിളക്കുന്നു. തന്റെ പ്രതികാരം കയീന്റെ പ്രതികാരത്തേക്കാൾ എഴുപത്തിയേഴ് മടങ്ങ് വലുതായിരിക്കുമെന്ന് അവകാശപ്പെടുന്ന അദ്ദേഹം തന്റെ ശക്തിയെ അതിശയോക്തിപരമായി പറയുന്നു. നയമായുടെ പിതാവായ ലാമെക്ക് ഒരാളെ കൊന്നു, അതിനെക്കുറിച്ച് വീമ്പിളക്കുക പോലും ചെയ്തു. ഖേദിക്കുന്നതിനോ ക്ഷമ ചോദിക്കുന്നതിനോ പകരം, അവൻ തന്റെ അക്രമാസക്തമായ പ്രവൃത്തിയെക്കുറിച്ച് അഭിമാനത്തോടെ സംസാരിച്ചു, അക്കാലത്തെ ആളുകൾ കൂടുതൽ പാപികളാക്കുകയും ശരിയും തെറ്റും സംബന്ധിച്ച് അശ്രദ്ധരായിത്തീരുകയും ചെയ്തിരുന്നുവെന്ന് ഇത് കാണിക്കുന്നു.

ഇതിനർത്ഥം നയമായുടെ കുടുംബം നല്ല പുരോഗതിയും ഒപ്പം വർദ്ധിച്ചു വരുന്ന പാപവും കാണിച്ചു എന്നാണ്. ആളുകൾ കൂടുതൽ ബുദ്ധിമാന്മാരും വൈദഗ്ധ്യമുള്ളവരുമായി മാറിക്കൊണ്ടിരുന്നു, എന്നാൽ അതേ സമയം അവർ കൂടുതൽ അഭിമാനികളും ദൈവത്തോട് അനുസരണക്കേട് കാണിക്കുന്നവരുമായി മാറിക്കൊണ്ടിരുന്നു. മനുഷ്യർക്ക് ഒരേ സമയം മഹാന്മാരും പാപികളും ആകാൻ കഴിയുന്നത് എങ്ങനെയെന്ന് അവളുടെ കുടുംബത്തിന്റെ പ്രവൃത്തി നമുക്ക് കാണിച്ചു തരുന്നു.

നല്ലതും ചീത്തയുമായ കാര്യങ്ങൾ ഒരുപോലെ സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലത്തും സ്ഥലത്തുമാണ് നയമാ ജീവിച്ചിരുന്നത്. അവൾക്ക് ചുറ്റുമുള്ള സൗന്ദര്യം കാണാൻ കഴിഞ്ഞു, മാത്രമല്ല പാപവും തിന്മയും കൂടി കാണാൻ കഴിഞ്ഞു. സംഗീതം, ലോഹപ്പണി, മറ്റ് കഴിവുകൾ എന്നിവയിലൂടെ മനുഷ്യ സംസ്കാരം വികസിപ്പിക്കാൻ സഹായിച്ചതിനാൽ അവളുടെ കുടുംബം പ്രാധാന്യമുള്ളതായിരുന്നു. ചുറ്റുമുള്ള ലോകം പാപപൂർണമാണെങ്കിലും, ഒരു വ്യക്തിക്ക് എപ്പോഴും നന്മ, കൃപ, സമാധാനം എന്നിവയിൽ ജീവിക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം കാണിക്കുന്നു.

2: അവളുടെ പേരിന്റെയും സ്വഭാവ സവിശേഷതകളുടെയും അർത്ഥം

നയമാ എന്ന പേരിന്റെ അർത്ഥം 'സുന്ദരി' എന്നാണ്. ബൈബിൾ കാലങ്ങളിൽ, പേരുകൾ തിരിച്ചറിയാൻ വേണ്ടി മാത്രമായിരുന്നില്ല - അവ പലപ്പോഴും ഒരു വ്യക്തിയുടെ സ്വഭാവത്തെയോ സ്വഭാവത്തെയോ വിവരിച്ചു. അവൾ എങ്ങനെയുള്ള സ്ത്രീയായിരുന്നിരിക്കാം എന്നതിനെക്കുറിച്ച് ഈ അർത്ഥം നമുക്ക് ഒരു സൂചന നൽകുന്നു.

'സുന്ദരി' ആയിരിക്കുക എന്നാൽ മറ്റുള്ളവർക്ക് സമാധാനം, ദയ, ആശ്വാസം എന്നിവ നൽകുക എന്നാണ്. സൗമ്യമായ ആത്മാവും ചുറ്റുമുള്ളവർക്ക് സന്തോഷം നൽകുന്ന ഹൃദയവുമുള്ള ഒരു വ്യക്തിയെ ഇത് സൂചിപ്പിക്കുന്നു. കൂടുതൽ അക്രമാസക്തയും അഭിമാനിയുമായി മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്ത്, 'നയമാ' എന്ന സ്ത്രീ നന്മയുടെയും ശാന്തതയുടെയും പ്രതീകമായി വേറിട്ടുനിൽക്കുന്നു.

നയമായുടെ പേര് ആന്തരിക സൗന്ദര്യത്തെയും പ്രതിഫലിപ്പിച്ചേക്കാം. അവളുടെ രൂപം മാത്രമല്ല, അവളുടെ സ്വഭാവവും സുന്ദരമായിരുന്നിരിക്കണം. അവൾ മൃദുഭാഷിയും മനസ്സിലാക്കുന്നവളും സ്നേഹനിധിയും ആയിരുന്നിരിക്കാം. അവളുടെ പേര് സൂചിപ്പിക്കുന്നത് അവളുടെ രൂപഭംഗി മാത്രമല്ല, അവളുടെ സ്വഭാവവും അവളുടെ പേരിനെ അന്വർത്ഥമാക്കിയിരുന്നു എന്നാണ്.

അവളുടെ പേരിൽ നിന്നും അവളെക്കുറിച്ച് നമുക്കറിയാവുന്ന കാര്യങ്ങളിൽ നിന്നും, നയമായെ സുന്ദരിയും, ദയയുള്ളവളും, സമാധാനപ്രിയയുമെന്ന് വിശേഷിപ്പിക്കാം. അവളുടെ വീട്ടിൽ ഐക്യം നിലനിർത്താൻ സഹായിച്ച ഒരാളായിരിക്കാം അവൾ. ദൈവത്തിൽ നിന്ന് അകന്നുപോയ കയീന്റെ വംശത്തിൽ അവൾ ജീവിച്ചിരുന്നെങ്കിലും, ശാന്തമായ ശക്തിയും ധാർമ്മിക സൗന്ദര്യവും ഉള്ള വ്യത്യസ്തമായ ഒരു ആത്മാവ് അവൾ കാണിച്ചിരിക്കാം.

പാപത്താൽ ചുറ്റപ്പെട്ടാലും നന്മ പ്രകാശിക്കുമെന്ന് അവളുടെ ജീവിതം നമുക്ക് കാണിച്ചുതരുന്നു. പ്രസന്നവും സൗമ്യവുമായ ഒരു ഹൃദയം ഇരുണ്ട ലോകത്ത് ഒരു വെളിച്ചമായിരിക്കും. അതിനാൽ, നയമായുടെ പേര്, പ്രശസ്തിയെക്കാളും സമ്പത്തിനെക്കാളും ദൈവം സ്വഭാവത്തെ വിലമതിക്കുന്നു എന്ന ഓർമ്മപ്പെടുത്തലായി മാറുന്നു.

3. നയമായുടെ ജീവിതവും സമൂഹത്തിലെ സാധ്യമായ പങ്കും

ബൈബിൾ അവളുടെ പ്രവൃത്തികളെക്കുറിച്ച് നമ്മോട് പറയുന്നില്ലെങ്കിലും, നയമായുടെ ജീവിതം എങ്ങനെയായിരുന്നിരിക്കാമെന്ന് നമുക്ക് ഊഹിക്കാൻ കഴിയും. അവളുടെ കാലത്തെ ഒരു സ്ത്രീ എന്ന നിലയിൽ, അവൾ അവളുടെ കുടുംബത്തിലും സമൂഹത്തിലും ഒരു പ്രധാന പങ്ക് വഹിച്ചിരിക്കാം. ആദ്യകാല തലമുറകളിലെ സ്ത്രീകൾ വീടിന്റെ സൂക്ഷിപ്പുകാരും, കുട്ടികളുടെ ആദ്യ അധ്യാപകരും, അടുത്ത തലമുറയുടെ മൂല്യങ്ങൾ രൂപപ്പെടുത്താൻ സഹായിച്ചവരുമായിരുന്നു.

നയമാ തന്റെ ഇളയ ബന്ധുക്കളെ പരിപാലിക്കുന്നതിലും വീട്ടുജോലികൾ കൈകാര്യം ചെയ്യുന്നതിലും സഹായിച്ചിരിക്കാം. സർഗ്ഗാത്മകരായ പുരുഷന്മാർ നിറഞ്ഞ ഒരു കുടുംബത്തിൽ, അവർ അവരുടെ ജോലിയെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കാം. ലോഹങ്ങളിൽ ജോലി ചെയ്തിരുന്ന തൂബൽ-കയീന്റെ സഹോദരിയായതിനാൽ, ഉപകരണങ്ങളുടെയും ആഭരണങ്ങളുടെയും നിർമ്മാണം അവൾ കണ്ടിരിക്കാം. ഒരുപക്ഷേ അവൾ സൗന്ദര്യത്തെയും കലയെയും വിലമതിച്ചിരുന്നു, ഒരുപക്ഷേ സ്ത്രീകൾക്കിടയിൽ സംസ്കാരവും കരകൗശലവും പ്രചരിപ്പിക്കാനും അവൾ സഹായിച്ചിരിക്കാം.

അവളുടെ ജീവിതം അവളുടെ തലമുറയുടെ ധാർമ്മിക പരീക്ഷണത്തെയും ഓർമ്മിപ്പിക്കുന്നു. കയീന്റെ വംശാവലി ദൈവത്തിൽ നിന്ന് അകന്നുപോകുന്നതായാണ് അറിയപ്പെട്ടിരുന്നത്, പക്ഷേ ദൈവം അപ്പോഴും നയമായുടെ പേര് രേഖപ്പെടുത്താൻ അനുവദിച്ചു. ഇതിനർത്ഥം അവളിൽ ദൈവത്തെ പ്രസാദിപ്പിക്കുന്ന എന്തോ ഒന്ന് ഉണ്ടായിരുന്നു എന്നാണ് - ഒരുപക്ഷേ അവളുടെ പ്രസന്നമായ സ്വഭാവവും അവളുടെ നല്ല സ്വാധീനവും ആയിരുന്നിരിക്കണം.

അഹങ്കാരം ഉള്ളിടത്ത് സമാധാനവും, ആശയക്കുഴപ്പം ഉള്ളിടത്ത് ക്രമവും, കോപമുള്ളിടത്ത് ദയയും കൊണ്ടുവന്ന ഒരു സ്ത്രീയായിരിക്കാം നയമാ. തകർന്ന ഒരു കുടുംബത്തിൽ പോലും, മറ്റുള്ളവരെ മയപ്പെടുത്തുന്ന സൗമ്യമായ ഹൃദയം അവളായിരിക്കാം. ബൈബിളിൽ അവളുടെ പേര് ഓർമ്മിക്കപ്പെടുന്നത് അവളുടെ നന്മ മറന്നുപോയിട്ടില്ല എന്നതിന്റെ അടയാളമാണ്.

4. നയമായുടെ ജീവിതത്തിൽ നിന്നും ഉപസംഹാരത്തിൽ നിന്നുമുള്ള പാഠങ്ങൾ

നയമായെക്കുറിച്ച് നമുക്ക് വളരെ കുറച്ച് മാത്രമേ അറിയൂ എങ്കിലും, അവളുടെ ജീവിതം ഇന്ന് നമുക്ക് വിലപ്പെട്ട പാഠങ്ങൾ നൽകുന്നു.

ഒന്നാമതായി, ഓരോ വ്യക്തിയും ദൈവത്തിന്റെ ദൃഷ്ടിയിൽ വിലപ്പെട്ടവരാണെന്ന് നയമാ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു മാറ്റമുണ്ടാക്കാൻ നമുക്ക് ഒരു നീണ്ട പരാമർശത്തിന്റെ ആവശ്യമില്ല. ചിലപ്പോൾ, നന്മ നിറഞ്ഞ ഒരു ശാന്തമായ ജീവിതം പല വാക്കുകളെക്കാളും ഉച്ചത്തിൽ സംസാരിക്കുന്നു.

രണ്ടാമതായി, യഥാർത്ഥ സൗന്ദര്യം ഹൃദയത്തിൽ നിന്നാണ് വരുന്നതെന്ന് അവളുടെ പേര് പഠിപ്പിക്കുന്നു. ദയ, എളിമ, സ്നേഹം എന്നീ മനോഹരമായ ഭാവം ശാരീരിക രൂപത്തെക്കാളും പ്രശസ്തിയെക്കാളും വിലപ്പെട്ടതാണ്.

മൂന്നാമതായി, ദൈവത്തിന്റെ പദ്ധതിയിൽ സ്ത്രീകൾ എപ്പോഴും ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് നയമായുടെ ജീവിതം കാണിക്കുന്നു. തുടക്കം മുതൽ തന്നെ, കുടുംബങ്ങൾ കെട്ടിപ്പടുക്കുന്നതിനും, സംസ്കാരം സംരക്ഷിക്കുന്നതിനും, അടുത്ത തലമുറയ്ക്ക് നന്മ പഠിപ്പിക്കുന്നതിനും സ്ത്രീകൾ സഹായിച്ചു.

നാലാമതായി, പാപപൂർണമായ ഒരു ലോകത്തിലും നല്ലവരായി തുടരാൻ കഴിയുമെന്ന് അവളുടെ മാതൃക നമ്മെ പഠിപ്പിക്കുന്നു. അവളുടെ കുടുംബം കയീന്റെ വംശപരമ്പരയിൽ നിന്നാണ് വന്നതെങ്കിലും, നയമായുടെ പേര് വിശുദ്ധിയും കൃപയും കൊണ്ട് വേറിട്ടുനിൽക്കുന്നു. നമ്മൾ ഏതുതരം ലോകത്തിലായാലും, നമുക്ക് ശരിയായ ജീവിതം തിരഞ്ഞെടുക്കാൻ സാധിക്കുമെന്ന് ഇത് കാണിക്കുന്നു.

സില്ലയുടെ മകളായ നയമാ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു വാക്കും സംസാരിച്ചിട്ടില്ല, പക്ഷേ അവളുടെ ജീവിതം എപ്പോഴും അവളുടെ പേരിലൂടെയാണ് സംസാരിക്കുന്നത്. ഹൃദയങ്ങളിൽ സൗന്ദര്യവും ദയയും പുലർത്തുന്ന ശാന്തരും സൗമ്യരുമായ ആളുകളെ ദൈവം ശ്രദ്ധിക്കുന്നുവെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ പേരും ഓർമ്മയും മറ്റുള്ളവർക്ക് സമാധാനവും സന്തോഷവും നൽകുന്ന രീതിയിൽ ജീവിക്കാൻ അവളുടെ ജീവിതം നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

നയമായുടെ മനോഹരമായ സ്വഭാവവും ആദ്യകാല മനുഷ്യചരിത്രത്തിലെ അവളുടെ സ്ഥാനവും, മറ്റാരും ശ്രദ്ധിക്കാത്തപ്പോൾ പോലും, ദയയും വിശ്വസ്തതയും പ്രധാനമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. അവളിലൂടെ, നന്മ ഒരിക്കലും അപ്രത്യക്ഷമാകില്ലെന്ന് നമുക്ക് മനസ്സിലാകും. യഥാർത്ഥത്തിൽ അതിനർത്ഥം അവളുടെ നല്ല ജീവിതത്തിലൂടെയും പ്രവൃത്തികളിലൂടെയും, നന്മ ഒരിക്കലും അവസാനിക്കുന്നില്ല എന്നാണ്. അവളെപ്പോലെ ആകാനും അവളുടെ മാതൃക പിന്തുടരാനും ശ്രമിക്കുന്ന ആളുകളിലൂടെ അത് തുടർന്നും ജീവിക്കുന്നു. അവളുടെ മാതൃക പിന്തുടരുന്നവരുടെ ഹൃദയങ്ങളിലൂടെ അത് ജീവിക്കുന്നു.

❑

വചനതീർത്ഥം

കൂദോശ് ഈത്തോ

(വി. മത്തായി 16:13-20)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ആരാധനാ വർഷത്തിലെ ആദ്യ ഞായറാഴ്ചയാണ് സഭയുടെ ശുദ്ധീകരണം എന്നറിയപ്പെടുന്ന കൂദോശ് ഈത്തോ ഞായറാഴ്ച. സാധാരണ കലണ്ടറുകൾ സൂര്യന്റെയോ ചന്ദ്രന്റെയോ ഗതിയെയോ ഭൂമിയുടെ ചലനത്തെയോ അടിസ്ഥാനപ്പെടുത്തുമ്പോൾ, സഭയുടെ ആരാധനാവർഷം രൂപീകരിച്ചിരിക്കുന്നത് നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെ അടിസ്ഥാനമാക്കിയാണ്. കർത്താവിന്റെ ആഗമനം മുതൽ പുനരാഗമനം വരെയുള്ള രക്ഷാകരപ്രവർത്തനങ്ങളെ ഒരു മാലയിലെ മുത്തുകൾ എന്നപോലെ ഇവിടെ കോർത്തെടുക്കുന്നു. ഓരോ വിശ്വാസിയും ഈ സംഭവങ്ങളിലൂടെ ഓരോ വർഷവും കടന്നു പോകുമ്പോൾ മനുഷ്യാവതാര പ്രക്രിയയുമായി വ്യക്തിപരമായ ഒരു താദാത്മ്യപ്പെടലിലേക്ക് അടുത്ത് വരണം എന്നാണ് സഭ ആഗ്രഹിക്കുന്നത്.

വിശുദ്ധീകരണത്തിന്റെ ആഹ്വാനം

കൂദോശ് ഈത്തോ സഭയുടെ ശുദ്ധീകരണം ആണ്. അത് സഭാ സ്ഥാപനങ്ങളുടെയോ സംവിധാനങ്ങളുടെയോ ശുദ്ധീകരണം എന്നല്ല ഉദ്ഘോഷിക്കുന്നത്. വി. കുർബ്ബാനയുടെ ഒരു സെദറായിൽ നാം ഇപ്രകാരം വായിക്കുന്നു. "പൂർണ്ണതയും വിശുദ്ധിയുമുള്ള ജനമായി ഞങ്ങളെ സമർപ്പിക്കുവാൻ വേണ്ടി പിതാവിന് സ്വയം സമർപ്പിച്ച ജീവനുള്ള വിശുദ്ധ ബലിയായ കർത്താവേ നീ വാഴ്ത്തപ്പെട്ടവൻ ആകുന്നു. സഭാ ജീവിതത്തിൽ വന്നു ചേർന്നിട്ടുള്ള അപൂർണ്ണതകളെയും അശുദ്ധികളെയും പൂർണ്ണതയിലേക്കും വിശുദ്ധിയിലേക്കും തിരികെ കൊണ്ട് വരുവാൻ ഉള്ള താത്പര്യമാണ് കൂദോശ് ഈത്തോ മുൻപോട്ടു വയ്ക്കുന്നത്. 1 കൊരി. 3:16-ൽ സഭ ദൈവത്തിൻറെ മന്ദിരം ആണെന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹ വ്യക്തമായി പ്രതിപാദിക്കുന്നു. അതോടൊപ്പം അദ്ദേഹം കൂട്ടിച്ചേർക്കുന്ന ഒന്നാണ് ദൈവത്തിൻറെ മന്ദിരം വിശുദ്ധമാണ് എന്നത്. ഈ വിശുദ്ധി കാത്തുസൂക്ഷിക്കുക എന്നുള്ളതാണ് സഭയിലെ ഓരോ അംഗത്തിന്റെയും ഉത്തരവാദിത്വം. ഏതെങ്കിലും കാരണവശാൽ ഈ വിശുദ്ധിക്ക് കുറവ് വന്നിട്ടുണ്ടെങ്കിൽ അതിനെ തിരികെ പിടിക്കുവാൻ ഉള്ള ആഹ്വാനമാണ് കൂദോശ് ഈത്തോയിൽ നമുക്ക് ലഭിക്കുന്നത്.

വി. മത്തായി 16:13-20 വരെയുള്ള വാക്യങ്ങൾ സഭാദർശനവുമായി ഏറെ ചേർന്ന് നിൽക്കുന്ന വേദഭാഗമാണ്. കർത്താവ് സഭ എന്ന പദം (Ecclesia) ആദ്യമായി ഉപയോഗിക്കുന്നത് ഈ വേദ ഭാഗത്താണ്. കൈസറിയ ഫിലിപ്പിയ എന്ന ദേശത്ത് വച്ച് കർത്താവ് ശിഷ്യന്മാരോട് താൻ ആരാണെന്ന് ജനം പറയുന്നു എന്ന് ചോദിക്കുകയാണ്. പലതരത്തിൽ യേശുക്രിസ്തുവിനെ കുറിച്ച് ജനങ്ങൾ മനസ്സിലാക്കുന്നു എന്ന് അവർ മറുപടി പറയുന്നു എന്നാൽ നിങ്ങൾ എന്നെ ആര് എന്ന് വിശ്വസിക്കുന്നു എന്ന ചോദ്യം കർത്താവ് ഉന്നയിക്കുമ്പോൾ ശ്ലീഹന്മാരുടെ വക്താവ് എന്ന നിലയിൽ പത്രോസ് ശ്ലീഹാ "നീ ജീവനുള്ള ദൈവത്തിൻറെ പുത്രനായ മശിഹാ ആകുന്നു" എന്ന് ഉത്തരം പറയുന്നു. കർത്താവ് ആ ഉത്തരം അംഗീകരിക്കുന്നു എന്ന് മാത്രമല്ല ഈ വെളിപ്പാട് പിതാവിൽ നിന്ന് ലഭിച്ചതുകൊണ്ടാണ് ഇപ്രകാരമുള്ള സാക്ഷ്യം നൽകുവാൻ കഴിയുന്നത് എന്നും അടിവരയിടുകയാണ്. ശ്ലീഹന്മാരുടെ പ്രതിനിധി എന്നവണ്ണം ഉത്തരം നൽകിയ പത്രോസിനോട് അവൻ എറ്റ് പറഞ്ഞ വിശ്വാസം ആകുന്ന പാറമേൽ തൻറെ സഭയെ താൻ പണിയുമെന്നും, പാതാള വാതിലുകൾക്ക് അതിനെ തകർക്കുവാൻ കഴിയുകയില്ല എന്നും കർത്താവ് മറുപടി പറയുന്നു.

സഭയുടെ ശുദ്ധീകരണത്തിന്റെ ഈ ദിവസം സഭയുടെ മുഖമുദ്രയായി യേശുക്രിസ്തു ഉയിർത്തിക്കാട്ടുന്ന ചില ദർശനങ്ങൾ ഈ വേദ ഭാഗം മുൻപോട്ട് വയ്ക്കുന്നു.

1. വൈകല്യമില്ലാത്ത ക്രിസ്തു ബോധ്യം സഭയുടെ മുഖമുദ്രയാണ്

തന്റെ ശിഷ്യന്മാരുമായി ഒരു സ്വകാര്യസംഭാഷണത്തിൽ ഏർപ്പെടുമ്പോൾ

ഴാണ് ജനങ്ങൾ താൻ ആരെന്ന് പറയുന്നു എന്ന് കർത്താവ് ചോദിക്കുന്നത്. യഥാർത്ഥത്തിൽ രണ്ട് വിഭാഗങ്ങളെയാണ് കർത്താവ് ഇവിടെ ഉയർത്തിക്കാട്ടുന്നത്. ഒന്ന് പുരുഷാരം അഥവാ ജനക്കൂട്ടം (Crowd) എന്ന വിഭാഗവും രണ്ട് വിളിച്ചു വേർതിരിക്കപ്പെട്ടവർ അഥവാ ശിഷ്യന്മാർ (Disciples) എന്ന വിഭാഗവും. ജനക്കൂട്ടത്തിനു യേശുക്രിസ്തുവിനെ കുറിച്ച് പല മനസ്സിലാക്കലുകൾ ഉണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ താൽപര്യം നിങ്ങൾ എന്താണ് എന്നെക്കുറിച്ച് പറയുന്നത് എന്ന് ഉത്തരത്തിലാണ്.

താൻ ആരെന്ന് തന്നോടൊപ്പമുള്ളവർ വ്യക്തമായി മനസ്സിലാക്കുന്നതിനെ പറ്റിയുള്ള അതി സന്തോഷം കർത്താവിൽ നമുക്കു കാണാം . "ശീമോനെ നീ ഭാഗ്യവാൻ. ജഡരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് ഇത് വെളിപ്പെടുത്തി തന്നിരിക്കുന്നത്" എന്നുള്ള കർത്താവിന്റെ പ്രതിവചനം തന്റെ സഖികളിൽ നിന്ന് താൻ പ്രതീക്ഷിക്കുന്ന അനുഭവത്തെ വെളിപ്പെടുത്തുന്നതാണ്. മറുപടി നൽകുന്നത് പത്രോസാണെങ്കിലും കർത്താവിന്റെ ഈ സന്തോഷം പത്രോസിന് വേണ്ടി മാത്രമുള്ളതല്ല എന്നതാണ് വാസ്തവം. പിതാക്കന്മാരായ ഓറിഗനും സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസും ഈ ചിന്തയെ അടിവരയിടുന്നു. പ. പത്രോസ് വ്യക്തമായും പ്രാതിനിധ്യ സ്വഭാവത്തിന്റെ അടയാളമാണ്. അദ്ദേഹം ശിഷ്യന്മാരുടെ മാത്രം പ്രതിനിധിയുമല്ല. അതിനിമപ്പുറം വിളിച്ച് വേർതിരിക്കപ്പെട്ട എല്ലാവരുടെയും പ്രതിനിധിയാണ്. അവരുടെ പേരാണ് സഭ (Ecclesia - those who are called out).

സഭയുടെ പ്രാഥമിക ദൗത്യങ്ങളിൽ ഒന്ന് കൃത്യമായ ക്രിസ്തു അവബോധമാണ്. തന്നെ വിളിച്ചവനും തന്റെ നായകനും ആരെന്ന വ്യക്തമായ അവബോധമാണത്. പുരുഷാരത്തിന് പല അഭിപ്രായങ്ങളുമുണ്ടാകാം. അവരുടെ മനസ്സിലാക്കലുകൾ അപൂർണ്ണവുമാണ്. എന്നാൽ സഭക്ക് കൃത്യമായ ഒരു ദൈവ സങ്കൽപം ഉണ്ടായിരിക്കണം. ആരാലാണ് തങ്ങൾ വിളിക്കപ്പെട്ടത് എന്ന തിരിച്ചറിവിൽ നിന്നാണ് വിളിയെക്കുറിച്ചുള്ള കൃത്യമായ അർത്ഥം അവർക്ക് ലഭിക്കുന്നത്.

വികലമായ ക്രിസ്തു അവബോധം ആധുനികലോകത്ത് ക്രിസ്തു അനുഭവത്തെ നിസ്സാരമാക്കുന്നുണ്ട്. ഒരു അത്ഭുത പ്രവർത്തകനോ ഒരു പ്രവാചകനോ ഒക്കെയായി ജനം യേശുവിനെ പരിചയപ്പെടുത്തുമ്പോൾ അത് ജീവനുള്ള

ദൈവത്തിന്റെ പുത്രനായ മശിഹായാണ് എന്ന് സാക്ഷിക്കുവാനുള്ള ഉത്തരവാദിത്വം സഭയുടേതാണ്. ക്രിസ്തുവിനെ വികൃതമായി അവതരിപ്പിക്കാനും അടയാളങ്ങളിലൂടെ ജനത്തെ ആകർഷിക്കുവാനും ഉള്ള പരിശ്രമം ചില സഭാ ജീവിതങ്ങളിൽ പോലും ഉണ്ടാകുന്നു എന്നത് തീർത്തും വിരോധാഭാസമാണ്. "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് വി. തോമാ ശ്ലീഹാ യേശുവിനെ മനസ്സിലാക്കിയത് പോലെ കലർപ്പില്ലാത്ത ക്രിസ്തു അവബോധത്തിലേക്ക് നമുക്കും അടുത്ത് വരാൻ കഴിയണം .

2. തിൻമകളുടെ മേലുള്ള വിജയം സഭയുടെ മുഖമുദ്രയാണ്

കൈസര്യ ഫിലിപ്പിയ എന്നു പറയുന്ന പ്രദേശത്ത് വച്ചാണ് യേശു ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ ഈ സംഭാഷണം ഉണ്ടാകുന്നത്. ദൈവ ജനമായ യഹൂദ സമൂഹത്തെ അടിച്ചമർത്തിയിരുന്ന റോമൻ ചക്രവർത്തിയായ കൈസറിനെ പ്രീണിപ്പിക്കുവാനായി ഒരു പട്ടണം പണിത് അതിന് കൈസര്യാ ഫിലിപ്പിയ എന്ന് പേരിടുകയാണ് രാജാവായ ഫിലിപ്പ് ഹെരോദാവ് ചെയ്തത്. ആ പട്ടണത്തിന് തന്നെ പല തിന്മകളോടും ഉള്ള അനുരഞ്ജനത്തിന്റെ ഒരു ധ്വനിയുണ്ട്. ഏറെ കുപ്രസിദ്ധമായിരുന്നു ആ പട്ടണത്തിന്റെ ജീവിത രീതികളും. ഒരു വിജാതീയ സമൂഹമായി നിന്ന് പല ദേവന്മാരെ ആരാധിച്ചിരുന്ന ആ സമൂഹം നരകത്തിലേക്കുള്ള കവാടം അവിടെ സ്ഥിതി ചെയ്തിരുന്നു എന്ന് വിശ്വസിച്ചിരുന്നു. ഭൂമിയിൽ നിന്ന് നരകത്തിലേക്ക് കൈസരിയ ഫിലിപ്പിയ വഴി ഒരു മാർഗ്ഗം ഉണ്ട് എന്നുകൂടെ അവർ കരുതിയിരുന്നു. ആ ഭൂമികയിൽ നിന്ന് കൊണ്ടാണ് ഒരു സഭാ സമൂഹമായി ശിഷ്യന്മാരെ വിളിച്ച് വേർതിരിക്കുന്നതും ഒരു പാതാള വാതിലുകൾക്കും നിങ്ങളെ ജയിക്കുവാൻ സാധ്യമല്ല എന്ന് അടിവരയിടുന്നതും.

മാർ യാക്കോബിന്റെ തക്സായിൽ ഒന്നാം തുബ്ദേനോട് ചേർന്നുള്ള പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു ഇവയാൽ സൽപ്രവർത്തികൾ ആകുന്ന ഫലങ്ങൾ അവർ പുറപ്പെടുവിക്കേണമേ. ഇവ വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതവും പാതാള വാതിലുകൾക്ക് ആക്രമിക്കുവാൻ സാധ്യമല്ലാത്തതുമായ സഭയുടെ ഉറപ്പിനുമായി തീരണമേ. സഭാ ജീവിതവും അതിന്റെ അവകാശമായ തിരുശരീര രക്തങ്ങളിലുള്ള സംബന്ധവും ഒരുവനെ നയിക്കേണ്ടത് സൽപ്രവർത്തികളിലേക്കാണ്. അങ്ങനെ സൽപ്രവർത്തികൾ ചെയ്ത് ജീവിക്കുന്ന ഒരു വിശ്വാസിക്ക് പാതാള വാതിലുകളിലൂടെയുള്ള പ്രവേശനം ഒരിക്കലും ഉണ്ടാകില്ല. ഒരു തിൻമകളോടും സന്ധിചെയ്യാതെ ജീവിക്കുവാൻ അവന് കഴിയും.

പരിശുദ്ധനായ പത്രോസ് ശ്ലീഹാ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ പ്രതിനിധിയായി തന്റെ സാക്ഷ്യം പ്രഖ്യാപിക്കുമ്പോൾ കർത്താവ് അവനു നൽകുന്ന ഒരു വാഗ്ദാനമാണ് നിൻറെ ഈ സാക്ഷ്യം പാറ പോലെ ഉറച്ചതാണ് എന്നത്. അതിനാൽ തന്നെ ഈ പാറ സകല തിന്മകളുടെയും മേൽ ജയം വരിക്കുവാൻ നിന്നെ സഹായിക്കുമെന്ന് കർത്താവ് ഓർമിപ്പിക്കുന്നു. അങ്ങനെ യാത്ര ചെയ്യുന്നവന് പാതാള വാതിലുകളോ പാതാള ഗോപുരങ്ങളോ കടന്നു പോകേണ്ടി വരില്ല മറിച്ച് സ്വർഗ്ഗരാജ്യത്തിലേക്കുള്ള ഒരു പ്രയാണം സുനിശ്ചിതമാണ്.

സഭയെ സ്വർഗ്ഗരാജ്യത്തിലേക്ക് നോക്കി യാത്ര ചെയ്യുന്ന ഒരു തീർത്ഥാടക സമൂഹമായി പിതാക്കന്മാർ വരച്ചു കാട്ടാറുണ്ടല്ലോ. ഉത്തമമായ സഭാ ജീവിതത്തിന്റെ മുഖമുദ്ര തന്നെ ഈ ലോകത്തിൻറെ തിന്മകളുടെ മേൽ ജയം വരിക്കുവാനുള്ള ഒരു അവകാശമാണ്. "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അദ്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുവാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു" (1 പത്രോസ് 2:9) അദ്ഭുതപ്രകാശത്തിലേക്കുള്ള ഒരു പ്രയാണമാണ് ഈ ജീവിതരീതി ഒരു വിശ്വാസിക്ക് വാഗ്ദാനം ചെയ്യുന്നത്.

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ നേതൃത്വത്തിൽ പദയാത്രാസംഘം പരുമലയിൽ എത്തിച്ചേർന്നു.

നന്ദി

കഴിഞ്ഞ ഒരു വർഷക്കാലം ആരാധനാകാലത്തെ ഞായറാഴ്ചകളിലെ ഏവൻഗേലിയോനെ ആസ്പദമാക്കി "വചന തീർത്ഥം" തയ്യാറാക്കിയ ഫാ. മോൻസി ഫിലിപ്പ് അച്ചനോടും ഫാ. ആരോൺ ജോഷ്വ ജോൺ അച്ചനോടും ന്യൂസ് ബുള്ളറ്റിൻ പ്രവർത്തകരുടെയും വായനക്കാരുടെയും പേരിൽ ഹൃദയംഗമമായ നന്ദിയും ആദരവും അർപ്പിക്കുന്നു.

- പത്രാധിപ സമിതി

ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സഭാസ്ഥാനികൾ സന്ദർശിച്ചു

കോട്ടയം: കേരള സന്ദർശനം നടത്തിയ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിലും, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മനും സന്ദർശിച്ചു മലങ്കരസഭയുടെ ആശംസകൾ നേരുകയും പ. കാതോലിക്കാ ബാവാ തിരുമേനിയുടെ ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

മംഗലാപുരം എനപോയ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഡി.എസ്. (ഓർത്തോടന്റിക്സ് & ഡെന്റോ ഫേഷ്യൽ) ന് ഡോ. ജോസ്ന സജിയ്ക്ക് ഒന്നാം റാങ്ക് ലഭിച്ചു. കായംകുളം കാദീശാ കത്തീഡ്രൽ ഇടവകാംഗമാണ്. കുന്നിൽ വടക്കതിൽ എൽവിൻ സജു തോമസാണ് ഭർത്താവ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

Purification of Life Through Worship

Sunday of Kudosh-Eetho (Matthew 16:13-20)

Beginning of the Liturgical Year



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The liturgical year of our Church begins with the Sunday of Kudosh-Eetho, the Feast of Sanctification. Each year, we commemorate this feast on the first Sunday that falls on or between 30th of October and 5th of November.

I. Why must we be sanctified?

St. Paul teaches us that we are the Body of Christ, and the Church is the Temple of Christ. Christ dwells in this temple, and for this reason, the Church is holy. Every believer is a member of Christ's Body. St. Paul reminds us that Christ lives within each believer; therefore, each of us is a temple of Christ.

Just as we are called to keep the Temple of God holy, each believer is called to keep their own body sanctified. The sanctification of the believer contributes to the sanctification of the Church. Thus, the Holy Church (composed of sanctified believers) is indeed holy and sanctified.

This truth is also proclaimed in the Nicene Creed: "One, Holy, Catholic, and Apostolic Church." St. Peter echoes the same in his epistle: "But you are a chosen race, a royal priesthood, a holy nation, God's own people, in order that you may proclaim the excellence of him who called you out of darkness into his marvellous light." 1 Peter 2:9

Therefore, as members of this holy Church, if we have fallen into sin, the season of sanctification is a time to rise again and return to holiness. "Like obedient children, do not be conformed to the desires that you formerly had in ignorance. Instead, as He who called you is holy, be holy yourselves in all your conduct. For it is written, 'You shall be holy, for I am holy." 1 Peter 1:14-16

II. How can one attain sanctification?

It is not external purification that we are referring to when we talk about sanctification. It is always about internal purification. Our inner sanctification becomes possible only when we turn inward and examine ourselves. When we take this inward turn, the thoughts that arise, leading us towards purification, are exactly what this Gospel passage teaches us.

Self-examination helps us attain internal sanctification Who am I? What do others think of me? Reflecting on these questions helps in self-examination. We must always be aware of who we are. In this Gospel passage, we see Jesus Christ asking a few questions to His disciples:

III. What do people say about the Son of Man?

Jesus Christ wanted to know how people understood Him. The disciples gave various answers to this question.

1. John, The Baptist

Some people thought Jesus was St. John the Baptist, the forerunner of Christ. John the Baptist heard about Jesus only when he was in prison.

When King Herod heard about Jesus, he said, "This is John the Baptist; he has been raised from the dead." Matthew 14:2

The people recognized that Jesus was greater than the prophets. However, John the Baptist was not the awaited Messiah. He was the forerunner of Christ, as the prophet Malachi had foretold: "See, I am sending my messenger to prepare the way before me, and the Lord whom you seek will suddenly come to his temple. The messenger of the covenant in whom you delight, indeed, he is coming," says the Lord of hosts. (Malachi 3:1)

2. Prophet Elijah

Elijah lived during the time of King Ahab of Israel, around 900-850 BC. People thought Jesus might be that same prophet, Elijah. Elijah was a prophet known for performing many wonders. He prophesied a three-year famine in Israel. He raised the dead son of the widow in Zarephath back to life. He struck the waters of the River Jordan with his cloak, and the waters parted in two. Elijah was also the one who was taken up alive into heaven.

Elijah was a man marked by many such miraculous deeds. Because of these characteristics, some people believed Jesus was the return of Elijah, a man of extraordinary signs and power. This belief was also rooted in the prophecy of Malachi, which says: "I will send you the prophet Elijah before the great and terrible day of the Lord comes." (Malachi 4:5–6)

3. Prophet Jeremiah

Prophet Jeremiah was the one who spoke out against the kings of Judah during 650–570 BC. Because of this, Jeremiah was beaten, imprisoned, and even thrown into a deep pit. He endured many such sufferings at the hands of the rulers of his time.

Jeremiah also prophesied about the coming of the Messiah. For this reason, some people thought that Jesus might be the prophet, Jeremiah.

Who do you say I am?

Some people thought that Jesus might be one of the early prophets. The disciples shared this when Jesus asked them what others were saying about Him. The testimony of others is important. When we become aware of how others see us, and we strive to correct our imperfections with sincere effort, we begin to move toward sanctification.

But here, Christ shifts the focus and asks a deeply personal question: "Let it be whatever people may say or think about Me, but who do you say I am?" He insists on a personal response. The disciples had been with Christ always; they knew Him better than others. Simon Peter responded with conviction: "You are the Christ, the Son of the living God."

The understanding about ourselves by those who are closest (our parents, siblings, spouses, and children) is very important. Their witness gives us deeper insight into who we truly are. While society may have its own view about us, the witness from our home and family is the most significant.

Such reflection and self-examination can lead us to true repentance. When repentance takes root, it naturally leads to confession. Through confession, we cleanse ourselves and become pure again. Although we were once baptized, cleansed, and united with Christ, we often drift away and fall into sin. This impurity must be washed away through the sacrament of confession, so that we may be sanctified once more. Sanctifying ourselves in this way helps us grow closer to God and deepens our participation in worship and the liturgical life of the Church. May the Feast of Kudosh Eetho become a path and reason that leads us into true sanctification.

❑

കർഷകരെ ആദരിച്ച് മലങ്കര ഓർത്തഡോക്സ് സഭ

പരുമല: ഭൂമിയെ സ്നേഹിക്കുവാനും കാർഷിക ഫലങ്ങളെ ആസ്വദിക്കുവാനും ലാഭങ്ങൾക്ക് അപ്പുറമായി മറ്റുള്ളവരുടെ നന്മയെപ്രതി പ്രവർത്തിക്കുന്നതുമാണ് കർഷകദൗത്യമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പറഞ്ഞു. പരുമല പെരുന്നാളിനോടനുബന്ധിച്ച് നടന്ന കർഷകസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ.എൽദോസ് ഏലിയാസ്, മുൻ പ്രിൻസിപ്പൽ ഡോ. എം.ഇ.കുറിയാക്കോസ്, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ സജി മാമ്പ്രക്കുഴിയിൽ, ജോജി പി. തോമസ് എന്നിവർ പ്രസംഗിച്ചു. മലങ്കര സഭയിലെ വിവിധ ഭദ്രാസനങ്ങളിൽനിന്നും വ്യത്യസ്ത കാർഷിക മേഖലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട മികച്ച കർഷകർക്ക് ക്യാഷ് അവാർഡും പ്രശസ്തിപത്രവും നൽകി ആദരിച്ചു.

സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് സമ്മേളനം പരുമലയിൽ ഡോ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. സി. എ. ഐസക്ക് അധ്യക്ഷത വഹിച്ചു. കോട്ടയം മെഡിക്കൽ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ് മുഖ്യ സന്ദേശം നൽകി.

പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 123-ാം ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് 2025 ഒക്ടോബർ 24-നു കോഴിക്കോട് മൈക്കാവ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നിന്ന് മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസിന്റെ നേതൃത്വത്തിൽ ആരംഭിച്ച പരുമല തീർത്ഥയാത്ര സംഘം കുന്നംകുളം അക്കിക്കാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ എത്തിച്ചേർന്നപ്പോൾ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസും, മലബാർ, കുന്നംകുളം ഭദ്രാസനത്തിലെ വൈദികരും, പാലക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവകയും, അക്കിക്കാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിലെ വിശ്വാസികളും ചേർന്ന് തീർത്ഥയാത്രയ്ക്ക് ഊഷ്മളമായ സ്വീകരണം നൽകി.

പാമ്പാക്കുട വലിയപള്ളി ദിശതാബ്ദിയുടെ ഭാഗമായി പള്ളിയുടെ മുൻപിൽ നിർമ്മിച്ച കമാനത്തിന്റെ ഉദ്ഘാടനം സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. വികാരി മലങ്കര മല്പാൻ കോനാട്ട് ജോൺസ് എബ്രഹാം റീശ്കോറെപ്പിസ്കോപ്പ, സഹ വികാരി പോൾ ജോൺ കോനാട്ട്, ഫാ. ടോ ബേബി വെട്ടിക്കുഴിയിൽ, ഫാ. വർഗ്ഗീസ് വാലയിൽ എന്നിവർ സമീപം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം

ക്ഷമ (Slow to anger)

ഫാ. അജീഷ് ബാബു



സങ്കടങ്ങളിൽ മനപ്പൂർവം ചിരിക്കുന്ന മനുഷ്യർ പൂമ്പാറ്റയെ പോലെയാണ്. സങ്കടങ്ങളിൽ പൊതുവേ ഒന്നിനെ അംഗീകരിക്കുവാൻ കഴിയാത്ത രീതിയിൽ മനസ്സും ശരീരവും മാറിക്കഴിയും. യോനായുടെ പുസ്തകത്തിൽ ചുറ്റുപാടുകൾ നശിക്കുന്നത് കാണാൻ ആകാംക്ഷയോടെ ഇരിക്കുന്ന ദൈവത്തിന്റെ സ്നേഹിതൻ.

സ്വന്തം തീരുമാനങ്ങൾക്ക്, താല്പര്യങ്ങൾക്ക് അമിത ആഗ്രഹം വർധിക്കുമ്പോൾ ദൈവത്തിന്റെ സ്നേഹിതന്മാർക്ക് വിലകുറഞ്ഞു പലപ്പോഴും തോന്നിപ്പോകും.

യോനായ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സ്നേഹിതൻ എന്ന നിലയിൽ താൻ പറഞ്ഞ വാക്കുകൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പറഞ്ഞവൻ ആരാണ്?, പ്രവചനങ്ങൾ അതുപോലെ സംഭവിച്ചില്ലെങ്കിൽ പ്രവാചകൻ ആരാണ് പ്രവാചകന് തന്നെ സ്വയം ദേഷ്യം തോന്നും. പറയിപ്പിച്ച ദൈവം ആരോടാണ് വിശ്വസ്തത കാണിക്കുന്നത് തന്നോടോ? ജനത്തോടോ?, സഹിക്കാൻ കഴിയാത്ത ദൈവത്തിന്റെ സ്നേഹിതൻ അമിത ദേഷ്യത്തിലാണ്. സ്വയം മരിക്കാൻ തയ്യാറാവുകയാണ്. ക്ഷമ ഇല്ലാത്ത മനുഷ്യർക്ക് ഇങ്ങനെ ഒരു സ്വഭാവമുണ്ട് സ്വയം മരണത്തിലേക്ക് എടുത്തു ചാടും. ദൈവത്തിന്റെ സ്നേഹിതൻ തിരിച്ചറിയാതെ പോകുന്നത്

സന്തോഷങ്ങൾക്ക് മുകളിൽ കാലം നൽകുന്ന ചില ഇരുട്ടുകൾ ഉണ്ട്. അതോടെ ഇതുവരെ തണൽ നൽകിയ ചില്ലകൾ ശ്യൂനമാകും.

യോനാ 4:4 'കോപിക്കുന്നത് വിഹിതമോ'. സമൃദ്ധിയുടെ കുടിലിൽ സ്വയം മരിക്കാൻ കോപിച്ചിരിക്കുന്ന ദൈവത്തിന്റെ സ്നേഹിതൻ ദൈവത്തിന്റെ 'ക്ഷമ' കണ്ടെത്താതെ പോകുന്നു. ഒരുപക്ഷേ വിജാതീയരിലേക്ക് ഒഴുകുന്ന ദൈവ സ്നേഹത്തിന്റെ മുമ്പിൽ യാഥാസ്ഥിതികമായി നിൽക്കുന്ന ജൂത മനോഭാവത്തെ കാണിക്കാനാവാം ആ ജൂത കോപം. ചിറകിന് മുറിവ് പറ്റിയാലും പൂമ്പാറ്റ പൂവ് തേടാൻ ആഗ്രഹിക്കുന്നു.

Slow to anger:

'ക്ഷമ' ആത്മസമീപനത്തിലൂടെയുള്ള ഒരു വൈകിപ്പിക്കലാണ്. വൈകിപ്പിക്കൽ അറിഞ്ഞുകൊണ്ട് തന്നെയാണ്, അറിയാതെ മനസ്സിന്റെ സമനിലതെറ്റിയുള്ള വൈകിപ്പിക്കൽ അല്ല. ദേഷ്യപ്പെടേണ്ട ഇടങ്ങളിൽ വൈകാരികമായി വൈകുന്നു. പഴയ നിയമത്തിൽ ഉപയോഗിക്കുന്ന പദം 'എറെക് അപ്പയിം' (കോപത്തിനു താമസിക്കുക, Slow to anger) എന്നാണ്. ദൈവം കോപിക്കുവാൻ കാലതാമസം വരുത്തുന്നു (പുറ. 34:6; സംഖ്യാ. 14:18; ഇയ്യോ 6:11; സങ്കീർത്തനം 86:15; 103:8; 145:8).

ഗുഗിവതിയോംഗോയുടെ ആഫ്രിക്കൻ കഥയായ 'വേനലിനോടൊപ്പം പോയവൾ' എന്നതിൽ സങ്കടങ്ങളെ പുഞ്ചിരികൾ ആക്കുന്ന ഒരു സ്ത്രീ കഥാപാത്രത്തെ പരിചയപ്പെടുത്തുന്നുണ്ട്.

അവൾ അധികം സംസാരിക്കില്ല. എങ്കിലും ചില സമയങ്ങളിൽ അവൾ അംഗീകരിക്കുവാൻതക്ക യാതൊരുവിധ കാരണങ്ങളും ഇല്ലാതെ അടക്കാനാവാത്തവിധം ചിരിക്കുവാനാരംഭിക്കും. എന്തെന്നാൽ മനുഷ്യർക്ക് കാണാൻ പറ്റാത്ത ഒന്ന് കാണുന്നതുകൊണ്ടാണ് അവൾ ഇങ്ങനെ ചിരിക്കുന്നതെന്ന് എന്റെ ജനങ്ങൾ പറഞ്ഞു. പുളിവുകൾ നിറഞ്ഞ മുഖത്തിനും, തളർന്നുപോയ ശരീരത്തിനും അൽപംപോലും പൊരുത്തമില്ലാത്ത, പ്രകാശവും ജീവസ്സും അവളുടെ കണ്ണുകളിൽനിന്നും വെളിപ്പെട്ടു. അവളുടെ കണ്ണുകൾ ഏതോ ഒരു രഹസ്യത്തെ പറയുന്നതായി ഞാൻ തുടക്കംമുതലേ വിശ്വസിച്ചിരുന്നു. ആ രഹസ്യം എന്താണ്? അത് എവിടെയാണുള്ളത്? അത് അവളുടെ ഉള്ളിൽ തന്നെ ഉണ്ടാകും. അങ്ങനെ ഇല്ലെങ്കിൽ അവൾ ജനങ്ങളെ നോക്കുന്നത് ഈ വിധത്തിലാണോ? അതും ഇല്ലെങ്കിൽ അവൾ ജീവിതം കഴിച്ചുകൂട്ടുന്നത് ഈവിധത്തിലാണോ? ഇതിൽ ഏതോ ഒന്നായിരിക്കാം. അങ്ങനെയും ഇല്ലെങ്കിൽ ഇവയെല്ലാം ചേർന്നതുമായിരിക്കാം.

ഒരു തവണ ഞാൻ എന്റെ കണ്ടുപിടുത്തത്തെക്കുറിച്ച് എന്റെ അച്ഛനോട് പറഞ്ഞു. അദ്ദേഹം എന്നെ നോക്കി മെല്ലെ പറഞ്ഞു.

'ചിലപ്പോൾ അവളുടെ ഉള്ളിലുള്ള സങ്കടമായിരിക്കാം. അനുതാപമറ്റ അഗ്നിസൂര്യക്കീറുകൾ നമ്മുടെ തലകളിലേക്കിറങ്ങി നമ്മെ ഭ്രാന്തൻമാരാക്കി ശൂന്യതയാൽ നിറച്ചിരിക്കുന്നു.'

❑

ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കേണ്ടത് വാക്കുകളിലല്ല പ്രവർത്തികളിലൂടെ: പരിശുദ്ധ കാതോലിക്കാ ബാവാ

പരുമല: മാനവരാശി അനുഭവിക്കുന്നതെന്തും ദൈവദാനമാണെന്നും ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കേണ്ടത് വാക്കുകളിലല്ല പ്രവർത്തികളിലൂടെയെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ഓർത്തഡോക്സ് സഭ നിർദ്ധനരായ യുവതികൾക്ക് നൽകുന്ന വിവാഹ ധനസഹായ വിതരണോദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. 52 യുവതിക്കൾക്കാണ് സഹായം നൽകിയത്. വിവാഹ സഹായ സമിതി പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വിവാഹ സഹായ സമിതി കൺവീനർ എ.കെ ജോസഫ്, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ഫാ.ജോസഫ് സാമുവേൽ തറയിൽ, ഫാ.സോളു കോശി, ഫാ.ഡോ.ഗീവർഗീസ് വെട്ടിക്കുന്നേൽ, ജോൺസൺ കല്ലട, സജി മാമ്പ്രക്കുഴി, സാമുവേൽ തോമസ്, സജി ചൊവ്വള്ളൂർ, കുര്യൻ ഏബ്രഹാം, ജോൺ കെ മാത്യു, മാത്യു ജി മനോജ് എന്നിവർ പ്രസംഗിച്ചു.

വിശ്വാസികൾക്ക് മെഴുകുതിരികൾ തെളിയിക്കുന്നതിനായി പരുമല സെമിനാരിയിൽ പുതിയതായി ക്രമീകരിച്ച സ്ഥലത്തിന്റെ കൂദാശ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

Abraham Mar Stephanos represent the Malankara Orthodox Syrian Church at the WCC's Sixth World Conference on Faith and Order is taking place in Egypt, bringing together more than 350 Christians from around the globe to explore "Where now for visible unity?" This gathering will also commemorate the 1700th anniversary of the First Ecumenical Council of Nicaea.

സാമൂഹിക നീതിക്കായി പ്രവർത്തിച്ച വിശുദ്ധനായിരുന്നു പരുമല തിരുമേനി: യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

പരുമല: സമൂഹത്തിലെ കാലിക പ്രശ്നങ്ങളിൽ ഇടപെട്ട് സാമൂഹിക നീതിക്കായി പ്രവർത്തിച്ച വിശുദ്ധനായിരുന്നു പരുമല തിരുമേനിയെന്ന് നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്ത പറഞ്ഞു.

പരുമല പെരുന്നാളിനോട് അനുബന്ധിച്ചു പരുമല തിരുമേനിയുടെ ആദ്യ കാല വസതിയായ അഴിപ്പുരയിൽ നടന്ന ഗ്രീഗോറിയൻ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

അനുരഞ്ജനത്തിന്റെ മാതൃക സമൂഹത്തിൽ പകർന്ന വിശുദ്ധനാണ് പരുമല തിരുമേനിയെന്ന് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ജോസ് പനച്ചിപ്പുറം പറഞ്ഞു. ചെറിയ കാര്യങ്ങളിലും വലിയ കാര്യങ്ങളിലും ഒരു പോലെ ക്ഷമിക്കുവാൻ കഴിയുന്ന സമൂഹം വളർന്നു വരണമെന്നും അദ്ദേഹം പറഞ്ഞു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, സഭാ മാനേജിങ്ങ് കമ്മിറ്റി അംഗങ്ങളായ മത്തായി ടി വർഗീസ്, സജി മാമ്പ്രക്കുഴിയിൽ, അഡ്വ. മനോജ് മാത്യു എന്നിവർ പ്രസംഗിച്ചു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരുമല അഴിപ്പുരയിൽ നടത്തപ്പെടുന്ന 168 മണിക്കൂർ അഖണ്ഡ പ്രാർത്ഥന ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജയിൻ സി. മാത്യു അധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ മുഖ്യ സന്ദേശം നൽകി. പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ട്രഷറാർ റെഞ്ചു എം. ജോയ്, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ മത്തായി ടി വർഗീസ്, സജി മാമ്പ്രക്കുഴി കൺവീനർ രോഹിത് കൊച്ചുതെക്കേതിൽ, ജോയിന്റ് കൺവീനവർ ജോജി പരുമല, റീജിയണൽ സെക്രട്ടറിമാരായ അബു എബ്രഹാം വീരപ്പള്ളിൽ, ജിൻസ് തടത്തിൽ, റിജൻ യോഹന്നാൻ, കേന്ദ്ര എക്സിക്യൂട്ടീവ് അംഗം നിബിൻ നല്ലവീട്ടിൽ, ജിജോ ജോർജ് കേന്ദ്ര കമ്മിറ്റി അംഗങ്ങളായ റോബിൻ ജോ വർഗീസ്, അശ്വിൻ വി റെജി, ജെയ്സൺ ജേക്കബ്, അബി എബ്രഹാം കോശി, റിനു തോമസ് എന്നിവർ പ്രസംഗിച്ചു.

Metropolitan Abraham Mar Stephanos, Fr. Aashu Alexander, and Fr. Jibin Abraham of the Malankara Orthodox Syrian Church, participated in the Divine Liturgy, concelebrated with the hierarchs of the Oriental Orthodox Churches at the Creed Church, Logos Papal Centre in Wadi El Natrun, Egypt, during the 6th Conference on Faith and Order of the World Council of Churches. This sacred gathering of Coptic, Malankara, Armenian, and Syriac Orthodox Churches around one Holy Altar, bore witness to the unity of faith and the enduring commitment of the Oriental Orthodox family to the pursuit of Christian unity and mutual understanding.

പത്തനംതിട്ട തെങ്ങുംതറയിൽ ഗീവർഗീസ് കോറെപ്പിസ്കോപ്പായുടെ ജീവചരിത്രം കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്താ, ഡോ. പി. ജി. വറുഗീസ് കോറെപ്പിസ്കോപ്പായ്ക്ക് നൽകി പ്രകാശനം ചെയ്തു.

കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന അഭയ ഭവൻ വയോജന കേന്ദ്രത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. സമൂഹത്തിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്കു സുരക്ഷിത പരിചരണം സൗജന്യമായി നൽകി പ്രവർത്തിച്ചു വരുന്ന അഭയ ഭവനിൽ നിലവിൽ 25 അന്തേവാസികളുണ്ട്. അഭയ ഭവൻ പ്രസിഡണ്ട് ഡോ. ഗീവർഗീസ് മാർ യൂലിയോസ് അധ്യക്ഷത വഹിച്ചു. പൊതു സമ്മേളനം ഗുരുവായൂർ എം. എൽ.എ. എൻ. കെ. അക്ബർ ഉദ്ഘാടനം ചെയ്തു.

ബോംബെ ഭദ്രാസനത്തിലെ റോഹ ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയിൽ കുന്നംകുളം ബഥനി ആശ്രമാംഗം ഫാ. പത്രോസ് ഒ.ഐ.സി. നിർമ്മിച്ച മൺവീട്.



യുകെ: വെയിൽസ് കെയർ അവാർഡിന്റെ 2025 – ഇൻഡിപെൻഡന്റ് സെക്ടർ നേഴ്സ് ഓഫ് ദ ഇയർ വിഭാഗത്തിൽ ഗോൾഡ് മെഡൽ നേടി സോഷ്യൽ കെയർ ഓസ്കാർ തിളക്കവുമായി ഷൈനി സ്കറിയ. ഹെറിഫോർഡ് സെന്റ് ബഹനാൻസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച് ഇടവകാംഗമാണ്. പുതുശ്ശേരിക്കോണം കല്ലുമ്മൂട്ടിൽ ഷീജാ ഭവനിൽ കെ ജി സ്കറിയയുടെയും അന്നമ്മയുടെയും മകളാണ്. കുണ്ടറ ത്രിപിലഴികം ജേക്കബ് തരകനാണ് ഭർത്താവ്. മക്കൾ മന്ന, ഹന്ന. കുണ്ടറ തൃപിലഴികം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക.

വടക്കൻമേഖലാ പരുമല തീർഥയാത്ര പരിശുദ്ധന്റെ മാതൃ ഇടവകയായ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ ഡോ. യാക്കോബ് മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്തു. യൂഹാനോൻ മാർ പോളികാർപ്പോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നിവർ സമീപം.

മേൽപാടം സെന്റ് കുറിയാക്കോസ് ഇടവകാംഗങ്ങളായിരുന്ന കോട്ടയിൽ പടിഞ്ഞാറേതിൽ പരേതരായ പി. ഇ. മാത്യുവിന്റെയും, മറിയാമ്മ മാത്യുവിന്റെയും സ്മരണാർഥം മക്കളായ ജേക്കബ് മാത്യുവും, തോമസ് മാത്യുവും മറ്റു സഹോദരങ്ങളും കൂടി ചേർന്ന്, പമ്പയുടെ തീരത്ത് പ്രകൃതിരമണീയമായ 81 സെന്റ് സ്ഥലവും, വീടും തികച്ചും സൗജന്യമായി നിരണം ഭദ്രാസനത്തിന് നൽകി. കോട്ടയിൽ പടിഞ്ഞാറേതിൽ ഭവനത്തിൽ കൂടിയ, ലളിതമായ സമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിക്ക് സ്ഥലത്തിന്റെ ആധാരവും ഭവനത്തിന്റെ താക്കോലും കൈമാറി. നിരണം ഭദ്രാസന കൗൺസിൽ അംഗമായ തോമസ് മണലേലിനെ മെത്രാപ്പോലീത്താ ചുമതല ഏൽപിച്ചു. വികാരി ഫാ. ഗീവർഗീസ് ശാമുവൽ ചടങ്ങിന് നേതൃത്വം നൽകി.

ബിനു കെ. സാം ഗ്രിഗോറിയൻ പ്രഭാഷണം പരുമല അഴിപ്പുരയിൽ നിർവ്വഹിക്കുന്നു. അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. ഏബ്രഹാം കോശി കുന്നും പുറത്ത്, ഫാ. ജെ. മാത്യുക്കുട്ടി, മത്തായി ടി. വർഗീസ്, മാത്യു ഉമ്മൻ അരികുപുറം, പി. എ. ജോസ് പുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

പരുമല പെരുന്നാളിനോടനുബന്ധിച്ച് നടന്ന മദ്യ ലഹരി വിരുദ്ധ ബോധവത്കരണ സമ്മേളനം ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. മദ്യ ലഹരി വിരുദ്ധ ബോധവത്കരണ സമിതി പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു.

സുൽത്താൻബത്തേരി ഭദ്രാസന രൂപീകരണത്തിന്റെ നാൽപതാം വാർഷിക ദിനാചരണവും വൈത്തിരി നിർമ്മലഗിരി ഓർത്തഡോക്സ് റിട്രീറ്റ് സെന്റർ തറക്കല്ലിടൽ കർമ്മവും

ബത്തേരി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സുൽത്താൻ ബത്തേരി ഭദ്രാസനം രൂപീകൃതമായതിന്റെ നാല്പതാം വാർഷികദിനം ആചരിച്ചു. വാർഷിക ദിനാചരണത്തിന്റെ ഭാഗമായി വൈത്തിരി സെന്റ് മേരിസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസിന്റെ മുഖ്യ കാർമികത്വത്തിൽ പ്രഭാത നമസ്കാരവും വിശുദ്ധ കുർബ്ബാനയും ഭദ്രാസനത്തെ നയിച്ച ഇടയശ്രേഷ്ഠരേയും വൈദികരെയും കടന്നുപോയ വിശ്വാസികളെയും ഓർത്ത് പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. ശേഷം കാതോലിക്കേറ്റ് പതാക ഉയർത്തി.

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാബാ തിരുമേനിയുടെ കല്പനപ്രകാരം 1985 ഒക്ടോബർ 23-നാണ് സുൽത്താൻ ബത്തേരി ഭദ്രാസനം രൂപം കൊണ്ടത്.

ബത്തേരി ഭദ്രാസനത്തിന്റെ കീഴിൽ വൈത്തിരിയിൽ പുതുതായി ആരംഭിക്കുന്ന വൈത്തിരി നിർമ്മലഗിരി ഓർത്തഡോക്സ് റിട്രീറ്റ് സെന്ററിന്റെ തറക്കല്ലിടൽ കർമ്മം ഭദ്രാസന മെത്രാപൊലിത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് നിർവഹിച്ചു. ഭദ്രാസനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിൽ വിപുലമായ സൗകര്യങ്ങളാണ് റിട്രീറ്റ് സെന്ററിൽ ഉള്ളത്. ഇതിനാവശ്യമായ തുക സമാഹരണ ഉദ്ഘാടനം അലക്സാണ്ടർ കളത്തിൽ മെത്രാപ്പോലീത്തായ്ക്കു നൽകി നിർവഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ബേബി ജോൺ, റൂബി ജൂബിലി ജനറൽ കൺവീനർ ഫാ. ജോസഫ് പി. വർഗീസ്, എന്നിവരോടൊപ്പം ഭദ്രാസനത്തിലെ മുഴുവൻ വൈദികരും വിശ്വാസികളും സംബന്ധിച്ചു.